07
2025
ഡിസംബർ
ഞായർ
വൃശ്ചികം 21

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No. 295 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-295 പേജ് 4. വില 2.00 രൂപ





02 ശബരിമലയിലേത് 500 കോടിയുടെ സ്വർണക്കൊള്ള: രമേശ് ചെന്നിത്തല

03 വിവാഹപ്രായത്തിനു മുമ്പേ ഒന്നിച്ചു താമസിക്കാം: രാജസ്ഥാൻ ഹൈക്കോടതി

04 നിശബ്ദസംഘാടനവും വികസനവും ശ്രീകണ്ഠന്റെ മുഖമുദ്ര

# വിഴിഞ്ഞം: വികസന അത്ഭുതം



തിരു:വിഴിഞ്ഞം രാജ്യാന്തര തുറമുഖം വാണിജ്യ പ്രവർത്തനം ആരംഭിച്ചിട്ട് ഒരു വർഷം പൂർത്തിയാവുകയാണ്.

അത്ഭുതകരമായ നേട്ടങ്ങളാണ് ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ തുറമുഖം കൈവരിച്ചത്. അമേരിക്ക, യൂറോപ്പ്, ആഫ്രിക്ക, ഏഷ്യ തുടങ്ങിയ ലോകത്തിന്റെ വിവിധ ഭൂഖണ്ഡങ്ങളിലേക്ക് വിഴിഞ്ഞം വഴി സർവീസുകൾ ആരംഭിച്ചതോടെ ലോക മാരിടൈം ഭൂപടത്തിൽ സുപ്രധാനമായ സ്ഥാനവും ഉറപ്പിച്ചു കഴിഞ്ഞു.

തുറമുഖത്തിന്റെ 7700 കോടി രൂപ ചെലവുള്ള ആദ്യഘട്ടത്തിൽ ഏതാണ്ട് 4600 കോടി രൂപ സംസ്ഥാന സർക്കാരാണു മുടക്കിയത്. പുലിമുട്ട് നിർമിക്കാനുള്ള 1350 കോടി രൂപ പൂർണമായി സർക്കാർ ഫണ്ടാണ്. പുറമേ, ചരക്കുനീക്കത്തിനു റെയിൽപാതയ്ക്കായി 1482 .92 കോടിയും.

ഇന്ത്യയിൽ ഏറ്റവും വേഗത്തിൽ 10 ലക്ഷം റ്റി.ഇ.യു കൈകാര്യം ചെയ്ത തുറമുഖം എന്ന ബഹുമതി വിഴിഞ്ഞം സ്വന്തമാക്കി. വെറും പത്തുമാസം കൊണ്ടാണ് ആദ്യഘട്ടത്തിലെ പരമാവധി ശേഷിയായ ഈ ലക്ഷ്യം മറികടന്നത്. പ്രവർത്തനം തുടങ്ങി ഇതുവരെ 615 കപ്പലുകളും 13.2 ലക്ഷം റ്റി.ഇ.യു വുമാണ് ഇവിടെ കൈകാര്യം ചെയ്തത്. 399 മീറ്ററിലധികം നീളമുള്ള 41 അൾട്രാ ലാർജ് കണ്ടെയ്നർ വെസ്സലുകൾ ബെർത്ത് ചെയ്തതടക്കം ഇന്ത്യയിലെ മറ്റ് ഏത് തുറമുഖത്തേക്കാളും കൂടുതൽ വലിയ കപ്പലുകൾ എത്തിയത് വിഴിഞ്ഞത്താണ്. 300 മീറ്ററിൽ കൂടുതൽ നീളമുള്ള 154 കപ്പലുകളും 16 മീറ്ററിലധികം ഡ്രാഫ്റ്റുള്ള 45 കപ്പലുകളും ഇതിൽ ഉൾപ്പെടുന്നു.

17.1 മീറ്റർ ഡ്രാഫ്റ്റുള്ള എംഎസ്സി വെറോണ എത്തിയതോടെ ദക്ഷിണേഷ്യയിൽ തന്നെ കൈകാര്യം ചെയ്തതിൽ ഏറ്റവും ആഴമുള്ള കപ്പൽ എന്ന റെക്കോർഡും വിഴിഞ്ഞത്തിന് സ്വന്തമായി.

ഒപ്പം ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലായ എംഎസ്സി ഐറിനയെ വരവേറ്റതും, എംഎസ്സി പലോമയിൽ ഒരൊറ്റത്തവണ 10,576 റ്റി.ഇ.യു കൈകാര്യം ചെയ്തതും സുപ്രധാനമായ നേട്ടങ്ങളാണ്.

പ്രവർത്തനമികവിന്റെ കാര്യത്തിലും വിഴിഞ്ഞം മുന്നിട്ടുനിൽക്കുന്നു. 2025 ഒക്ടോബറിൽ 28.52 എന്ന ഉയർന്ന ഗ്രോസ് ക്രെയിൻ റേഷ്യോ കൈവരിക്കാൻ തുറമുഖത്തിന് സാധിച്ചു. വനിതകൾ ഓട്ടോമേറ്റഡ് ക്രെയിനുകൾ നിയന്ത്രിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ തുറമുഖം എന്ന സവിശേഷതയും വിഴിഞ്ഞത്തിനുണ്ട്.

സംസ്ഥാന സർക്കാരിന്റെ കൃത്യമായ മേൽനോട്ടത്തിനൊപ്പം അദാനി വിഴിഞ്ഞം പോർട്ട് ടീമിന്റെ കാര്യക്ഷമമായ പ്രവർത്തനവുമാണ് ഈ നേട്ടങ്ങൾക്ക് വഴിയൊരുക്കിയത്. ട്രാൻഷിപ്മെന്റിനൊപ്പം ഗേറ്റ് വേ ചരക്കുനീക്കം കൂടി വൈകാതെ ആരംഭിക്കുന്നതോടെ വിഴിഞ്ഞത്തിന്റെ പ്രാധാന്യം ഇനിയും വർധിക്കും.



## ഇന്ത്യ റഷ്യ ബന്ധം പുതിയ തലത്തിൽ

ന്യൂഡൽഹി : റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുട്ടിന്റെ ഇന്ത്യാ സന്ദർശനത്തിനിടെ സാമ്പത്തിക സഹകരണം ഉൾപ്പെടെ നിരവധി കരാറുകളിൽ ഇരുരാഷ്ട്രങ്ങളും ധാരണയായി. വ്യാപാര ബന്ധം വിപുലമാക്കുന്നതും നിക്ഷേപ സാധ്യതകൾ വർധിപ്പിക്കുന്നതുമായ കരാറുകളിലാണ് ധാരണയായത്. ഊർജം, രാജ്യസുരക്ഷ, പ്രതിരോധം, ശാസ്ത്ര സാങ്കേതികം തുടങ്ങിയ മേഖലകളിലാണ് മറ്റു കരാറുകൾ. മോദിയും പുട്ടിനും കൂടിക്കാഴ്ചയ്ക്ക് പിന്നാലെ നടത്തിയ സംയുക്ത പ്രസ്താവനയിലാണ് ഇക്കാര്യങ്ങൾ അറിയിച്ചത്.

'ഇന്ത്യറഷ്യ സാമ്പത്തിക സഹകരണ പദ്ധതി 2030' ആണ് കരാറുകളിൽ ഏറ്റവും പ്രധാനപ്പെട്ടത്. 2030 വരെയുള്ള ദീർഘകാല ഉഭയകക്ഷി വ്യാപാര, നിക്ഷേപ പദ്ധതിയുടെ കരാറാണിത്. ഇന്ത്യൻ തൊഴിലാളികൾക്ക് റഷ്യയിൽ കൂടുതൽ ജോലി അവസരങ്ങൾ ഒരുക്കുന്നതാണ് മറ്റൊന്ന്. തൊഴിലാളി കൈമാറ്റം, സുരക്ഷ, റിക്രൂട്ട്മെന്റ് മാനദണ്ഡങ്ങൾ, പരിശീലനം തുടങ്ങിയ ഇതിലുൾപ്പെടും. ഊർജമേഖലയിൽ എണ്ണപ്രകൃതിവാതക വിതരണത്തിലും പ്രതിരോധത്തിൽ സാങ്കേതിക വിദ്യ കൈമാറ്റത്തിലും രാജ്യസുരക്ഷയിൽ തീവ്രവാദ വിരുദ്ധ നടപടികളിലുമാണ് കരാറുകൾ ഒപ്പിട്ടത്. വിദ്യാഭ്യാസ മേഖലയിൽ സ്റ്റുഡന്റ് എക്സ്ചേഞ്ച് പ്രോഗ്രാമുകളും കൾചറൽ പ്രോഗ്രാമുകളും സംഘടിപ്പിക്കും.

സിവിൽ ആണവോർജ സഹകരണം പതിറ്റാണ്ടുകളായി തുടരുകയാണെന്നും ശുദ്ധമായ ഊർജത്തിനായി ഇരുരാജ്യങ്ങളും നിലകൊള്ളുകയാണെന്നും മോദി പറഞ്ഞു. ഇന്ത്യയും റഷ്യയും ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഒന്നിച്ചു നീങ്ങും. ഊർജസുരക്ഷയാണ് ഇന്ത്യറഷ്യ ബ

## കേരളത്തിലെ എസ്.ഐ.ആർ സമയപരിധി നീട്ടി; ഫോം ഡിസം.18 വരെ

ന്യൂഡൽഹി: കേരളത്തിലെ എസ്ഐആർ നീട്ടി. ഡിസംബർ 18 വരെ എന്യുമറേഷൻ സ്വീകരിക്കും.21ന് കരട് വോട്ടർപട്ടിക പ്രസിദ്ധീകരിക്കും. ജനുവരി 22 വരെ ആക്ഷേപങ്ങൾ അറിയിക്കാം. ഫെബ്രുവരി 21ന് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും.

എസ്.ഐ.ആർ നീട്ടുന്നത് സംബന്ധിച്ച് വ്യാഴാഴ്ച തിരഞ്ഞെടുപ്പ് കമ്മീഷൻ ചീഫ് ഇലക്ട്രൽ ഓഫീസർ രത്തൻ ഖേൽക്കറും ചീഫ് സെക്രട്ടറി ഡോ.എ.ജയതിലകും തമ്മിൽ കൂടിക്കാഴ്ച നടത്തിയിരുന്നു. ഇതേത്തുടർന്നാണ് ഒരാഴ്ച നീട്ടണമെന്ന സർക്കാർ ആവശ്യം തിരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ചത്.

## ശബരിമല ദർശനം കഴിഞ്ഞ് മടങ്ങവെ അപകടം: 5 തീർഥാടകർക്ക് ദാരുണാന്ത്യം

ചെന്നൈ : തമിഴ്നാട് രാമനാഥപുരത്ത് ശബരിമല തീർഥാടകർ സഞ്ചരിച്ച കാർ അപകടത്തിൽപെട്ട് 5 പേർക്ക് ദാരുണാന്ത്യം. ശബരിമല ദർശനത്തിനു ശേഷം മടങ്ങുമ്പോഴായിരുന്നു അപകടം. ആന്ധ്രാ സ്വദേശികളാണ് മരിച്ചത്. കീഴക്കരയിൽ നിന്നുള്ള കാർ ഡ്രൈവർ മുഷ്താഖ് അഹമ്മദ് (30), ആന്ധ്രയിൽ നിന്നുള്ള രാമചന്ദ്ര റാവു (55), അപ്പാരാവു നായിഡു (40), ബണ്ടാരു ചന്ദ്രറാവു (42), രാമർ (45) എന്നിവരാണ് മരിച്ചത്. അപകടത്തിൽ ഏഴ് പേർക്ക് ഗുരുതര പരുക്കേറ്റു. പുലർച്ചെ മൂന്ന് മണിക്കായിരുന്നു അപകടം. റോഡിനു സമീപം കാർ നിർത്തിയിട്ട് ഉറങ്ങുകയായിരുന്നു ഇവർ. രാമനാഥപുരം സ്വദേശികൾ സഞ്ചരിച്ച കാർ നിയന്ത്രണം വിട്ട് അയ്യപ്പ തീർഥാടകരുടെ കാറിൽ ഇടിച്ചതാണ് അപകടകാരണം.

# ഉള്ളൂരിന്റെ ഹൃദയം തൊടുന്ന മഷിപ്പേന

**മോഹൻ ശ്രീശൈലം**



തിരുവനന്തപുരം: വയലഴികത്തുവീട്ടിൽ ശ്രീകണ്ഠൻ നായർക്ക് തെരഞ്ഞെടുപ്പിൽ ലഭിച്ച സ്വതന്ത്ര ചിഹ്നം സ്വന്തം ജീവിതവുമായി താദാത്മ്യം പുലർത്തുന്ന അപൂർവ്വതയാണ്. തിരുവനന്തപുരം കോർപറേഷനിലേക്കു ഉള്ളൂർ വാർഡിൽ നിന്നും മൽസരിക്കുന്ന മുതിർന്ന മാധ്യമപ്രവർത്തകനായ കെ.ശ്രീകണ്ഠനു ലഭിച്ച ചിഹ്നം മഷിക്കുപ്പിയും പേനയുമാണ്.പ്രശസ്തമായ തിരുവനന്തപുരം മെഡിക്കൽ കോളേജിനോടു തൊട്ടു കിടക്കുന്ന ഉള്ളൂർ പ്രദേശത്തുനിന്നും മൂന്നു പതിറ്റാണ്ടിലേറയായി തലസ്ഥാനത്തെ മാധ്യമരംഗത്തു സജീവമായി നിലകൊണ്ട ശ്രീകണ്ഠൻ എന്ന വ്യക്തി ഒരുവേള മനസ്സു കൊണ്ട് ആഗ്രഹിച്ച അടയാളം തന്നെയാവണം തൂലിക.

പ്രൈമറിയിൽ നിന്നും മിഡിൽ സ്കൂളിലേക്കുജയിച്ചു കയറിയപ്പോൾ അമ്മ വാങ്ങിക്കൊണ്ടു വന്ന മഷിയൊഴിച്ചെഴുതുന്ന പേനയിൽ നിന്നും, പിൽക്കാലത്ത് ദേശാഭിമാനിയിലൂടെ മികച്ച പത്രപ്രവർത്തകനായി പുരസ്കാരങ്ങൾ വാങ്ങിയ ശ്രീകണ്ഠനു മറക്കാനാവാത്ത ഓർമ്മയാണ്.തെരഞ്ഞെടുപ്പിൽ പ്രിയപ്പെട്ട ജൻമനാടിന്റെ സാമൂഹ്യ,വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോണം എന്ന ആഗ്രഹത്തോടെ മനസ്സിൽ ഉറപ്പിച്ച പാർട്ടി സ്ഥാനാർത്ഥിത്വം മാറിപ്പോയപ്പോൾ ഉണ്ടായ വിഷമം എങ്ങിനെ നേരിട്ടുവെന്നു അടുത്തവർ ചോദിച്ചു.അപ്പോഴൊക്കെ ശ്രീകണ്ഠന്റെ മുഖത്തെ കണ്ണുകൾ ചുവന്നു തിളങ്ങി.നിസ്സംഗ്ഗമായൊരു മന്ദഹാസം പതിവുപോലെ ആ മുഖത്തു നിറഞ്ഞു. 'നാലാം ക്ലാസ്സിൽ ചേർന്നപ്പോൾ മഷിപ്പേന കൊണ്ടുവരണമെന്നു ക്ലാസ്സ് ടീച്ചർ പറഞ്ഞു.വീട്ടിൽ അമ്മയോടു കാര്യം പറഞ്ഞു.പറഞ്ഞതിന്റെ അടുത്ത ദിവസവും,അതിനടുത്തദിവസവും സ്കൂളിൽ പേന കൊണ്ടുവരാതിരുന്നപ്പോൾ ക്ലാസ്സ് ടീച്ചർ ക്ലാസ്സിൽ എഴുന്നേൽപിച്ചു നിർത്തി.മറ്റു കുട്ടികൾ എഴുതുന്നതു നോക്കിയിട്ടു ജനലിലൂടെ ഉച്ചവെയിലിൽ കത്തിക്കിടക്കുന്ന സ്കൂൾ ഗ്രൗണ്ടിലേക്കു നോക്കി .. അതാ അമ്മ ആ വെയിലത്തൂടെ നടന്നു വരുന്നു.സകല നിയന്ത്രണങ്ങളും വിട്ട് ക്ലാസിൽ നിന്നുമിറങ്ങി അമ്മയുടെ അടുത്തേക്ക് ഓടി .അമ്മ കൊണ്ടു തന്ന പേന തുറന്നുനോക്കിക്കൊണ്ട് തിരിച്ചു ക്ലാസിലേക്കുവന്ന കൊച്ചു ശ്രീകണ്ഠനെ ടീച്ചർ ക്ലാസ്സിൽ നിന്നും ചോദിക്കാതെ ഇറങ്ങിയോടിയതിനു കൈയ്യിൽ തല്ലി.ശ്രീകണ്ഠന്റെ കൈയ്യിലിരുന്ന പേന തറയിൽ വീണു നിമ്പ് വളഞ്ഞു..അന്നാ പേന കൊണ്ട് ഒന്നുമെഴുതാനാവാതെ ശ്രീകണ്ഠൻ വീട്ടിലെത്തി.വന്നപാടെ അമ്മ ചോദിച്ചു പുതിയ പേന കൊണ്ടു മോനെഴുതിയതൊന്നു കാണട്ടെ..അന്നേരമുണ്ടായതുപോലൊരു സങ്കടവും വിഷമവുംജീവിതത്തിലെ വലിയ വേദനയായിരുന്നു. ഇന്നിപ്പോൾ സ്വന്തം പാർട്ടി സ്ഥാനാർത്ഥിത്വം നിഷേധിച്ചതൊന്നും അന്നത്തെ ആ വേദനയെക്കാൾ വലുതല്ല.

പിന്നീട് പഠിച്ചു വളർന്നു.മാധ്യമ പ്രവർത്തകനായി ദേശാഭിമാനിയിലെത്തി.തെളിച്ചമുള്ള അക്ഷരങ്ങൾ കൂട്ടിയെഴുതി അവിടെ പാർട്ടി ബോധമുള്ള മാധ്യമപ്രവർത്തകന്റെ ജീവിതത്തിന്റെ വലിയൊരു കാലഘട്ടം വിജയകരമായി പൂർത്തിയാക്കി.അപ്പോഴൊന്നും പാർലമെന്റെറി വ്യാമോഹങ്ങളോ,അധികാര നോട്ടങ്ങളോ ഇയാളെ തൊട്ടു തീണ്ടിയിട്ടില്ല.എന്നാൽ ജനിച്ചനാട്ടിലെ സാമൂഹ്യ പ്രവർത്തനത്തിൽ എന്നത്തെയുംപോലെ അണിയറയിൽ നിന്നും മാറി സജീവമായി ഇടപഴകുവാനും നാടിനെ സംബന്ധിച്ചുള്ള വികസന സ്വപ്നങ്ങളും നടപ്പിലാക്കണമെന്ന ആഗ്രഹവും മനസ്സിലുണ്ടായിരുന്നു.അതിനു വേണ്ടിയാണ് കോർപ്പറേഷൻ പ്രതിനിധിയാവാനുള്ള മോഹം പങ്കുവെച്ചത്.കോർപറേഷൻ തെരഞ്ഞെടുപ്പിൽ സ്വതന്ത്രസ്ഥാനാർത്ഥിയായ ശ്രീകണ്ഠനെ പ്രചരണ തിരക്കൊഴിഞ്ഞ സന്ധ്യ നേരത്ത് ഉള്ളൂർ ശ്രീ ബാലസുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിന്റെ പരിസരത്തു സുഹൃത്തുക്കളുമായി നിൽക്കുമ്പോൾ കണ്ടു.തെരഞ്ഞെടുപ്പിന്റെ പരിഭ്രമമോ,ആശങ്കയോ ഒന്നും ആ മുഖത്തില്ല. 'ഈസിയായി ജയിച്ചു കയറും പാർടി ഒപ്പമുണ്ടായിരുന്നുവെങ്കിൽ ആഘോഷമായി പോകേണ്ട നിമിഷങ്ങളാണിതൊക്കെ.' വിജയത്തിന്റെ ആത്മവിശ്വസം ശ്രീകണ്ഠന്റെ വാക്കുകളിൽ ധ്വനിച്ചു.

ഉള്ളൂരിലെ ബാല്യ കൗമാരങ്ങൾ തൊട്ടുള്ള പതിവുകളാണീ സന്ധ്യകൾ.അമ്പലത്തിലെ നിവേദ്യം കഴിക്കുന്ന സുഹൃത്തുക്കളെ ചൂണ്ടി ശ്രീകണ്ഠൻ പറഞ്ഞു .അവരൊക്ക വിവിധ രാഷ്ട്രീയകക്ഷികളിലുള്ളവരാണ് എന്നാൽ ഞങ്ങളെല്ലാം ഉറ്റ സുഹൃത്തുക്കളാണ്. മിക്കവാറും ദിവസങ്ങളിൽ സന്ധ്യകഴിഞ്ഞും ഇവിടുണ്ടാവും.ഇവിടുത്തെ ഉൽസവവും അതിനോടനുബന്ധിച്ചുള്ള അന്നദാനവുമൊക്കെ പ്രശസ്തമാണ്.എന്റെ അമ്മൂമ്മ അമ്പലത്തിലെ തളിയിൽക്കാരിയായിരുന്നു.അന്നൊക്കെ അമ്മൂമ്മ കൊണ്ടുവരുന്ന ഇവിടുത്തെ പടച്ചോറു കഴിച്ചാണ് വളർന്നത്.തിരുവനന്തപുരം കോർപറേഷൻ മണ്ഡലത്തിന്റെ കേന്ദ്രബിന്ദുവാണ് ഉള്ളൂർ. ഇവിടെ വികസനത്തോടൊപ്പം എന്താണു വേണ്ടതെന്ന് ശ്രീകണ്ഠനൊരു കാഴ്ചപ്പാടുണ്ട്.



# ശബരിമലയിലേത് 500 കോടിയുടെ സ്വർണക്കൊള്ള: രമേശ് ചെന്നിത്തല

കോട്ടയം: ശബരിമല സ്വർണക്കൊള്ളയുമായി ബന്ധപ്പെട്ടു തനിക്കു ലഭിച്ച വിവരങ്ങൾ ഉൾപ്പെടുത്തി എസ്ഐടിക്ക് കത്തു നല്കുമെന്ന് കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല. കോട്ടയം പ്രസ് ക്ലബിൽ മീറ്റ് ദ് ലീഡർ പരിപാടിയിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ശബരിമലയുമായി ബന്ധപ്പെട്ടു 500 കോടിയുടെ കൊള്ളയാണ് നടന്നിരിക്കുന്നതെന്നാണ് സംശയിക്കുന്നത്. മോഷ്ടിച്ച സ്വർണം പുരാവസ്തു എന്ന പേരിൽ അന്താരാഷ്ട്ര മാർക്കറ്റിൽ വിറ്റതായിട്ടാണ് തനിക്കു ലഭിച്ചിരിക്കുന്ന അറിവ്. പുരാവസ്തുക്കൾക്കു വലിയ മൂല്യമാണുള്ളത്. ഇവയ്ക്കു വിലമതിയ്ക്കാനാവില്ല. ഇത്തരം മാഫിയയാണ് ഇതിനു പിന്നിൽ പ്രവർത്തിച്ചത്. ഇക്കാര്യങ്ങളെല്ലാം എസ്ഐടി അന്വേഷിക്കണം. തനിക്കു ശബരിമലയുമായി ബന്ധപ്പെട്ടു വിവരങ്ങൾ ഒരു വ്യവസായിൽ നിന്നാണ് ലഭിച്ചത്. ഇക്കാര്യങ്ങളാണ് എസ്ഐടിയ്ക്കു കൈമാറുന്നതെന്നും കൂടുതൽ അന്വേഷണം നടക്കുന്നതോടെ വൻ സ്രാവുകൾ പുറത്തുവരുമെന്നും എന്നാൽ ഇതുമായി ബന്ധപ്പെട്ട തെളിവുകൾ തൻറെ പക്കലില്ലെന്നും രമേശ് ചെന്നിത്തല പറഞ്ഞു.

ശബരിമലയിലെ വിവരങ്ങൾ തനിക്കു നല്കിയ വ്യക്തിയുടെ പേർ മാധ്യമങ്ങൾക്കു മുന്നിൽ വെളിപ്പെടുത്തില്ല. എസ്ഐടി വിവരങ്ങൾ നല്കാൻ തന്നോടു വിവരങ്ങൾ വെളിപ്പെടുത്തിയ വ്യക്തി തയാറാണെന്നും രമേശ് ചെന്നിത്തല പറഞ്ഞു. സ്വർണ കൊള്ളയിൽ പ്രതികളെ സംരക്ഷിക്കുന്ന നിലപാടാണ് സർക്കാരിൻറെത്. സിപിഎമ്മിലെ രണ്ടു നേതാക്കൾ അറസ്റ്റിലായിട്ടും മുഖ്യമന്ത്രി മൗനം പാലിക്കുകയാണ്. ഇവർക്കെതിരേ അച്ചടക്ക നടപടി സ്വീകരിക്കാനും സിപിഎം തയാറായിട്ടില്ല. അതിനാൽ പാർട്ടി അറിഞ്ഞു നടത്തിയ കൊള്ളയാണോ എന്നു സംശിക്കണം. കേസിൽ അറസ്റ്റിലായ പത്മകുമാർ പലതും തുറന്നു പറഞ്ഞേക്കുമോ എന്ന ഭയം മൂലമാണ് പാർട്ടി അയാൾക്കെതിരേ നടപടി സ്വീകരിക്കാത്തത്. ദേവസ്വം മന്ത്രി വി.എൻ. വാസവനും മുൻമന്ത്രി കടകംപള്ളി സുരേന്ദ്രനും സ്വർണകൊള്ളയിൽ പങ്കുണ്ടെന്നും സംഭവത്തിൽ വിശദമായ അന്വേഷണം നടക്കുന്നതോടെ പുതിയ വിവരങ്ങൾ വെളിച്ചത്തു വരുമെന്നും രമേശ് ചെന്നിത്തല പറഞ്ഞു. തദ്ദേശ തെരഞ്ഞെടുപ്പിൽ യുഡിഎഫിനു അനുകൂല തരംഗമാണ്. ജനങ്ങൾ മാറ്റം ആഗ്രഹിക്കുന്നു. അഴിമതി, കൊള്ള, സ്വജന പക്ഷപാതം എന്നിവയാണ് ഈ സർക്കാരിൻറെ മുഖമുദ്രയെന്നും ചെന്നിത്തല കുറ്റപ്പെടുത്തി. എംപിമാർ കേന്ദ്രത്തിൽ ഇടപെടുന്നതിൽ തെറ്റില്ല. എന്നാൽ ജോൺ ബ്രിട്ടാസ് എംപി ദല്ലാളായിട്ടാണു പ്രവർത്തിക്കുന്നതെന്നും കേരളത്തിലെ സിപിഎം- ബിജെപി അന്തർധാര പുറത്തുവന്നിരിക്കുകയാണെന്നും രമേശ് ചെന്നിത്തല ആരോപിച്ചു.

## ശബരിമല സ്വർണക്കൊള്ള കേസ്: എൻ. വാസുവിൻെറ റിമാൻഡ് കാലാവധി ഇന്ന് അവസാനിക്കും

കൊല്ലം: ശബരിമല സ്വർണക്കൊള്ള കേസിൽ മൂന്നാം പ്രതിയായ തിരുവിതാംകൂർ ദേവസ്വം മുൻ പ്രസിഡൻറും കമ്മീഷണറുമായ എൻ. വാസുവിൻറെ റിമാൻഡ് കാലാവധി ഇന്ന് അവസാനിക്കും. വാസുവിനെ റിമാൻഡ് നീട്ടുന്നതിനായി കൊല്ലം വിജിലൻസ് കോടതിയിൽ ഹാജരാക്കും.

കേസിൽ എൻ. വാസു സമർപ്പിച്ച ജാമ്യാപേക്ഷ കൊല്ലം വിജിലൻസ് കോടതി ഡിസംബർ മൂന്നിന് തള്ളിയിരുന്നു. ദേവസ്വം കമ്മീഷണറായിരുന്ന കാലയളവിൽ വാസുവിൻറെ ശിപാർശയിലാണ് കട്ടിളപ്പാളിയിലെ സ്വർണ്ണം ചെമ്പെന്ന് രേഖപ്പെടുത്തിയതെന്നാണ് അന്വേഷണ സംഘത്തിൻറെ കണ്ടെത്തൽ.

അതേസമയം താൻ വിരമിച്ചതിന് ശേഷമാണ് പാളികൾ ഉണ്ണികൃഷ്ണൻ പോറ്റിക്ക് കൈമാറിയതെന്നും കുറ്റക്കാരനല്ലെന്നുമാണ് എൻ വാസുവിൻറെ വാദം. മുരാരി ബാബു നൽകിയ കത്ത് ഉചിതമായ തീരുമാനമെടുക്കുന്നതിന് ബോർഡിന് കൈമാറുക മാത്രമാണ് ചെയ്തതെന്നും വാസു ആരോപിച്ചിരുന്നു.

# പ്രതിധ്വനി ക്വിസ് ഫിലിം ഫെസ്റ്റ് 2025: പുരസ്കാര വിതരണം ഡിസംബർ 6 ന്

തിരുവനന്തപുരം: ഐടി ജീവനക്കാരുടെ ക്ഷേമ സംഘടനയായ പ്രതിധ്വനി സംഘടിപ്പിക്കുന്ന 14-ാമത് ക്വിസ ചലച്ചിത്രോത്സവത്തിൻറെ (ജഝഎഎ 2025) പുരസ്കാര വിതരണം ഡിസംബർ 6 ന് ടെക്നോപാർക്കിൽ നടക്കും.

ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക് എന്നിവിടങ്ങളിലെ ഐടി കമ്പനികളിൽ ജോലി ചെയ്യുന്ന ഐടി ജീവനക്കാർ നിർമ്മിച്ച 32 ഷോർട്ട് ഫിലിമുകളാണ് പുരസ്കാരത്തിനായി മത്സരിക്കുന്നത്. വൈകിട്ട് 6.30 ന് ട്രാവൻകൂർ ഹാളിൽ നടക്കുന്ന അവാർഡ് ദാന ചടങ്ങിൽ നടനും എഴുത്തുകാരനുമായ മുരളി ഗോപി മുഖ്യാതിഥിയായിരിക്കും.

സംവിധായകരായ ഫാസിൽ മുഹമ്മദ്, സോഹൻലാൽ, നടി ബീന ആർ ചന്ദ്രൻ എന്നിവരടങ്ങുന്ന ജൂറിയാണ് വിജയികളെ തിരഞ്ഞെടുക്കുന്നത്.

ചലച്ചിത്രോത്സവത്തിൻറെ ഭാഗമായി റീൽസ്, എഐ മൈക്രോഫിലിംസ് മത്സരങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. ജെൻ എഐ കഥാകൃത്ത് വരുൺ രമേശും സംവിധായിക വിധു വിൻസെൻറുമാണ് എഐ മൈക്രോഫിലിംസ് മത്സരത്തിൻറെ ജൂറി അംഗങ്ങൾ. നടൻമാരായ ജാസിം ഹാഷിം, ഷമീർ ഖാൻ, തിരക്കഥാകൃത്ത് മൃദുൽ ജോർജ് എന്നിവർ റീൽസ് മത്സരത്തിലെ വിജയികളെ തിരഞ്ഞെടുക്കും.

ഏറ്റവും മികച്ച ഹ്രസ്വചിത്രത്തിന് 20,000 രൂപയും മെമൻറോയും രണ്ടാമത്തെ മികച്ച ചിത്രം, മികച്ച സംവിധായകൻ, മികച്ച തിരക്കഥാകൃത്ത് എന്നിവർക്ക് 10,000 രൂപയും മെമൻറോയും സമ്മാനമായി ലഭിക്കും. മികച്ച നടൻ, നടി, ഛായാഗ്രാഹകൻ, എഡിറ്റർ എന്നിവർക്കും പ്രത്യേക പുരസ്കാരമുണ്ട്. സംസ്ഥാന അവാർഡ് നേടിയ 'ഫെമിനിച്ചി ഫാത്തിമ' എന്ന സിനിമയുടെ പ്രദർശനം, അഭിനയ ശില്പശാല, ഫിലിം മേക്കിംഗ് വർക്ക് ഷോപ്പ് എന്നിവയടക്കം ഒരാഴ്ച നീണ്ടുനിൽക്കുന്ന പരിപാടികൾ പ്രതിധ്വനി സംഘടിപ്പിച്ചിട്ടുണ്ട്. ഡിസംബർ 4 ന് വൈകുന്നേരം 6.30 ന് ടെക്നോപാർക്കിലെ ആംഫി തിയേറ്ററിൽ 'മാതവിലാസം' എന്ന നാടകവും ഡിസംബർ 5 ന് സംഗീത നിശയും അരങ്ങേറും. പ്രവേശനം സൗജന്യമാണ്.

വിശദവിവരങ്ങൾ: ഹരി എസ്, ഫെസ്റ്റിവൽ ഡയറക്ടർ- 97905 98958

# ബിഎൽഒമാരുടെ ജോലിഭാരത്തിൽ ആശങ്ക പ്രകടിപ്പിച്ച് സുപ്രീംകോടതി

ന്യൂഡൽഹി: കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ നടപ്പാക്കിക്കൊണ്ടിരിക്കുന്ന വോട്ടർപട്ടികയിലെ പ്രത്യേക തീവ്ര പരിഷ്കരണത്തിൽ (എസ്ഐആർ) ഏർപ്പെട്ടിരിക്കുന്ന ബൂത്ത് ലെവൽ ഓഫീസർമാരുടെ (ബിഎൽഒ) ജോലിഭാരത്തിൽ ആശങ്ക പ്രകടിപ്പിച്ച് സുപ്രീംകോടതി.

ബിഎൽഒമാരുടെ ആത്മഹത്യകളും ജോലിഭാരവും ആരോപിക്കപ്പെടുന്ന സാഹചര്യത്തിൽ എസ്ഐആർ ജോലികൾക്ക് അധികജോലിക്കാരെ നിയോഗിക്കാൻ ചീഫ് ജസ്റ്റീസ് സൂര്യകാന്ത്, ജസ്റ്റീസ് ജോയ്മല്യ ബാഗ്ജി എന്നിവരുൾപ്പെട്ട ബെഞ്ച് സംസ്ഥാനങ്ങളോടു നിർദേശിച്ചു.

സംസ്ഥാന സർക്കാരുകൾ ഇതിനു ബാധ്യസ്ഥമാണെന്നും കോടതി നിരീക്ഷിച്ചു. ഇതോടൊപ്പം, പ്രത്യേക കാരണങ്ങൾ ചൂണ്ടിക്കാട്ടി ബിഎൽഒമാർ ജോലിയിൽനിന്ന് ഇളവ് തേടുകയാണെങ്കിൽ ഓരോ സംഭവവും പ്രത്യേകമായി കൈകാര്യം ചെയ്തു തീരുമാനമെടുക്കണം. ആ വ്യക്തിക്കു പകരം മറ്റൊരാളെ നിയമിക്കണമെന്നും കോടതി സംസ്ഥാനങ്ങളോടു നിർദേശിച്ചു. ബന്ധപ്പെട്ടവരിൽനിന്ന് ആശ്വാസം ലഭിക്കാത്ത സാഹചര്യത്തിൽ ദുരിതമനുഭവിക്കുന്നവർക്ക് കോടതിയെ സമീപിക്കാമെന്നും ബെഞ്ച് ഉത്തരവിട്ടു.

ജീവനൊടുക്കിയവരുടെ അവസ്ഥ വിവരിച്ച് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനെതിരേ തമിഴക വെട്രി കഴകം (ടിവികെ) സമർപ്പിച്ച അപേക്ഷ പരിഗണിക്കവേയാണു കോടതി ഈ നിർദേശങ്ങൾ പുറപ്പെടുവിച്ചത്. വ്യക്തിപരമോ കുടുംബപരമോ ആയ കാര്യങ്ങൾ നിമിത്തം എസ്ഐആർ ജോലികൾ ചെയ്യാൻ സാധിക്കാത്ത ഉദ്യോഗസ്ഥർക്കെതിരേ തെരഞ്ഞെടുപ്പ് കമ്മീഷൻ നടപടികൾ സ്വീകരിക്കുന്നതായി ഹർജിയിൽ പരാമർശിക്കുന്നുണ്ടെന്ന് കോടതി ചൂണ്ടിക്കാട്ടി.

## പുതിയങ്ങാടിയിൽ പോലീസിനെ ആക്രമിച്ച് പ്രതി രക്ഷപ്പെട്ടു; എസ്ഐക്ക് പരിക്ക്

പഴയങ്ങാടി: നിരോധിത പുകയില ഉത്പന്നങ്ങളുമായി പിടിയിലായ പ്രതി പോലീസിനെ ആക്രമിച്ച് രക്ഷപ്പെട്ടു. ഇന്നലെ രാത്രി പത്തോടെ പുതിയങ്ങാടി ഓട്ടോസ്റ്റാൻഡിന് സമീപത്താണ് സംഭവം. പട്രോളിംഗ് നടത്തുന്നതിനിടെ പഴയങ്ങാടി പോലീസിൻറെ പിടിയിലായ പുതിയങ്ങാടിയിലെ ഖദീജ മൻസിലിൽ കെ.ടി. മുഹമ്മദ് അറാഫത്താണ് (35) പഴയങ്ങാടിഎസ്ഐ കെ. സുഹൈലിനെ ആക്രമിച്ച് കടന്ന് കളഞ്ഞത്. അക്രമത്തിൽ വിരലിൻറെ എല്ല് പൊട്ടിയ എസ്ഐ സമീപമുള്ള സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടി. പ്രതിയിൽ നിന്നും നിരോധിത പുകയില ഉത്പന്നങ്ങൾ പിടിച്ചെടുത്തു. മുമ്പും നിരവധി തവണ നിരോധിത പുകയില ഉത്പന്നങ്ങളുമായി പ്രതി പോലീസ് പിടിയിലായിട്ടുണ്ട്. കേസെടുത്ത പോലീസ് പ്രതിക്കായി തെരച്ചിൽ തുടങ്ങി.

# എവിഎം സ്റ്റുഡിയോ ഉടമ എം. ശരവണൻ അന്തരിച്ചു

ചെന്നൈ: ദക്ഷിണേന്ത്യയിലെ പ്രമുഖ സിനിമ നിർമാണക്കന്പനിയും സ്റ്റുഡിയോയുമായ എവിഎമ്മിൻറെ ഉടമ എം. ശരവണൻ (86)അന്തരിച്ചു. ജന്മദിനം ആഘോഷിച്ചതിൻറെ പിറ്റേന്നായിരുന്നു മരണം. മൃതദേഹം ചെന്നൈയിലെ എവിഎം സ്റ്റുഡിയോ വളപ്പിൽ വൻ ജനാവലിയുടെ സാന്നിധ്യത്തിൽ വൈകുന്നേരം നാലിന് സംസ്കരിച്ചു.

ഇന്നലെ ഉച്ചകഴിഞ്ഞ് എവിഎം സ്റ്റുഡിയോയിൽ പൊതുദർശനത്തിനു വച്ച മൃതദേഹത്തിൽ മുഖ്യമന്ത്രി എം.കെ. സ്റ്റാലിനും സിനിമ മേഖലയിൽനിന്നുള്ള പ്രമുഖരും ആദരാഞ്ജലി അർപ്പിച്ചു. ശരവണൻറെ പിതാവ് 1946ൽ എ.വി. മെയ്യപ്പനാണ് വടപളനിയിൽ എവിഎം സ്റ്റുഡിയോയും നിർമാണക്കന്പനിയും സ്ഥാപിക്കുന്നത്. 1950 മുതൽ സ്റ്റുഡിയോയുടെ പ്രവർത്തനങ്ങളിൽ പങ്കാളിയായിരുന്ന ശരവണൻ, 1979ൽ പിതാവിൻറെ മരണശേഷം എവിഎമ്മിൻറെ ചുമതല ഏറ്റെടുത്തു.

സഹോദരൻ എം. സുബ്രഹ്മണ്യവും പങ്കാളിയായി. അക്കാലത്ത് തമിഴ്, തെലുങ്ക്, മലയാളം, ഹിന്ദി ഭാഷകളിൽ പുറത്തിറങ്ങിയ സിനിമകളിൽ ഭൂരിപക്ഷവും എവിഎം നിർമിച്ചവയാണ്. സൂപ്പർസ്റ്റാർ ശിവാജി ഗണേശൻ, രാജ്കുമാർ, വൈജയന്തിമാല, കമൽഹാസൻ എന്നിവരെ വെള്ളിത്തിരയിൽ അവതരിപ്പിച്ചത് എവിഎം ആണ്. 1947ൽ പുറത്തിറങ്ങിയ നാം ഇരുവർ ആണ് ആദ്യചിത്രം. പരാശക്തി (1952), ഹം പഞ്ജി ഏക് ദാൽ കാ(1957) നാനും ഒരു പെൺ(1963), ശിവാജി ദ ബോസ് (2007), അയൻ (2009) തുടങ്ങി 2014ൽ പുറത്തിറങ്ങിയ ഇതുവും കടന്തു പോകും ഉൾപ്പെടെ ഇരുനൂറോളം സിനിമകൾ എവിഎം പ്രൊഡക്ഷൻറെ ബാനറിൽ നിർമിച്ചു. 1986ൽ മദ്രാസ് നഗരത്തിൻറെ ഷരീഫ് എന്ന പദവിയും ശരവണനു ലഭിച്ചിരുന്നു. തമിഴ്നാട് സർക്കാരിൻറെ പരമോന്നത ബഹുമതിയായ കലൈമാമണി പുരസ്കാരം ഉൾപ്പെടെ നിരവധി ബഹുമതികൾക്കും അർഹനായി. മകൻ എം.എസ്. ഗുഹനാണ് നിലവിൽ എവിഎം സ്റ്റുഡിയോയുടെയും നിർമാണക്കന്പനിയുടെയും ചുമതല വഹിക്കുന്നത്.

# വായുമലിനീകരണം: പാർലമെൻറിൽ പ്രതിഷേധം

ന്യൂഡൽഹി: വായു മലിനീകരണത്തിനെതിരേ പാർലമെൻറിനുള്ളിലും പുറത്തും പ്രതിപക്ഷ പ്രതിഷേധം. സോണിയ ഗാന്ധിയും മല്ലികാർജുൻ ഖാർഗെയും അടക്കമുള്ള എംപിമാർ ഓക്സിജൻ മാസ്ക് ധരിച്ച് ഇന്നലെ പാർലമെൻറ് കവാടത്തിൽ പ്രതിഷേധ ധർണ നടത്തി. വായുമലിനീകരണം അടക്കമുള്ള വിഷയങ്ങളിൽ ചർച്ചയാവശ്യപ്പെട്ട് പ്രതിപക്ഷ എംപിമാർ മുദ്രാവാക്യം വിളിച്ചു പ്രതിഷേധിച്ചതിനെത്തുടർന്ന് രാജ്യസഭാനടപടികൾ നിർത്തിവച്ചു.

പ്രധാനമന്ത്രി നരേന്ദ്ര മോദിയെ പരിഹസിക്കാൻ 'കാലാവസ്ഥ ആസ്വദിക്കൂ' (മൗസം കാ മസ ലിജിയേ) എന്നെഴുതിയ വലിയ ബാനർ പിടിച്ചായിരുന്നു എംപിമാരുടെ പ്രതിഷേധം. പാർലമെൻറിൻറെ ശൈത്യകാല സമ്മേളനത്തിൻറെ തുടക്കത്തിൽ മോദി നടത്തിയ പ്രസ്താവനയെ പരാമർശിച്ചായിരുന്നു ഇത്.

കോൺഗ്രസ്, ഡിഎംകെ, തൃണമൂൽ, ആം ആദ്മി പാർട്ടി, എസ്പി, ഇടതുപാർട്ടികൾ, ശരദ് പവാറിൻറെ എൻസിപി തുടങ്ങിയ പാർട്ടികളുടെ എംപിമാരെല്ലാം പ്രതിഷേധത്തിൽ പങ്കാളികളായി. ദേശീയ തലസ്ഥാനത്ത് അടക്കം ഉത്തരേന്ത്യയിൽ വർധിച്ചുവരുന്ന അന്തരീക്ഷ മലിനീകരണത്തെക്കുറിച്ച് ചർച്ച ആവശ്യപ്പെട്ടു പ്രതിപക്ഷം നൽകിയ അടിയന്തര പ്രമേയ നോട്ടീസുകൾക്ക് സ്പീക്കർ അനുമതി നിഷേധിച്ചെങ്കിലും പിന്നീട് 'ദേശീയ ആരോഗ്യസുരക്ഷാ സെസ് ' ബില്ലിന്മേലുള്ള ചർച്ചയ്ക്കിടെ ഉൾപ്പെടെ എംപിമാർ പ്രശ്നത്തിൻറെ രൂക്ഷത ഉയർത്തിക്കാട്ടി.

കോൺഗ്രസ് എംപിമാരായ മനീഷ് തിവാരി, മാണിക്കം ടാഗോർ, വിജയകുമാർ എന്നിവരാണു സഭാനടപടികൾ നിർത്തിവച്ച് മലിനീകരണ പ്രശ്നത്തിൽ ചർച്ചയാവശ്യപ്പെട്ടു ലോക്സഭയിൽ നോട്ടീസ് നൽകിയത്

രാജ്യസഭയിലാകട്ടെ വായു ഗുണനിലവാര സൂചിക അപകടകരമായ നിലയിൽ തുടരുന്നതിനെക്കുറിച്ചു ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടു പ്രതിപക്ഷ എംപിമാർ തുടർച്ചയായി മുദ്രാവാക്യങ്ങൾ വിളിച്ചെങ്കിലും ചെയർമാൻ സി.പി. രാധാകൃഷ്ണൻ ചർച്ചയ്ക്കു വഴങ്ങിയില്ല. ഇതേച്ചൊല്ലി ഭരണ- പ്രതിപക്ഷ എംപിമാർ തമ്മിൽ ഉപരിസഭയിൽ കടുത്ത വാഗ്വാദം നടന്ന

വായു ഗുണനിലവാര സൂചിക (എക്യുഐ), രൂപയുടെ റിക്കാർഡ് മൂല്യത്തകർച്ച, ആണവോർജ ബിൽ, മനുഷ്യവാസ കേന്ദ്രങ്ങളിലെ വന്യമൃഗ ശല്യം തുടങ്ങിയ വിഷയങ്ങളിൽ വിശദമായ ചർച്ച വേണമെന്നാവശ്യപ്പെട്ട് രാജ്യസഭയിൽ പ്രതിപക്ഷ എംപിമാർ ശക്തമായ പ്രതിഷേധം നടത്തി. ബഹളം നിയന്ത്രിക്കാനാകാതെ ഉച്ചകഴിഞ്ഞ് രണ്ടുവരെ സഭ നിർത്തിവച്ചതായി ചെയർമാൻ രാധാകൃഷ്ണൻ പ്രഖ്യാപിച്ചു.

# യാത്രക്കാരെ വലച്ച് ഇൻഡിഗോ; കൊച്ചിയിൽ യാത്രക്കാരുടെ പ്രതിഷേധം

കൊച്ചി: ഇന്നും യാത്രക്കാരെ വലച്ച് ഇൻഡിഗോ വിമാന സർവീസുകൾ. വിമാനം റദ്ദാക്കിയതിനെ തുടർന്ന് പല യാത്രക്കാരും വലയുകയാണ്. കൊച്ചിയിൽ യാത്രക്കാർ പ്രതിഷേധിച്ചു.

വ്യാഴാഴ്ച രാത്രി കൊച്ചിയിൽ നിന്നും ഹൈദരാബാദിലേക്ക് പുറപ്പെടേണ്ട വിമാനത്തിലെ യാത്രക്കാർക്ക് ഇന്ന് പുലർച്ചെയാണ് വിമാനം റദ്ദാക്കി എന്ന വിവരം ലഭിച്ചത്. ഇതോടെയാണ് യാത്രക്കാർ വിമാനത്താവളത്തിൽ പ്രതിഷേധിച്ചത്. ഇൻഡിഗോ ജീവനക്കാരെ തടഞ്ഞുവച്ചായിരുന്നു പ്രതിഷേധം.

വിമാന സർവീസുകൾ ഇനിയും വെട്ടിക്കുറയ്ക്കുമെന്നാണ് ഇൻഡിഗോ അറിയിച്ചിരിക്കുന്നത്. സാധാരണ നിലയിലെത്താൻ രണ്ടുമാസം സമയമെടുക്കുമെന്ന് അറിയിച്ച കമ്പനി യാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടിൽ ഖേദം പ്രകടിപ്പിച്ചു. സ്ഥിതി മെച്ചപ്പെടുത്താൻ ശ്രമം തുടരുന്നുവെന്നാണ് കമ്പനി അറിയിക്കുന്നത്. പൈലറ്റുമാർക്ക് വിശ്രമം ഉറപ്പാക്കാൻ ഡിജിസിഎ ഏർപ്പെടുത്തിയ ഫ്ളൈറ്റ് ഡ്യൂട്ടി ടൈം ലിമിറ്റേഷൻ (എഫ്ഡിടിഎൽ) നടപ്പാക്കുന്നതിലെ വീഴ്ചയാണു വിമാന സർവീസുകൾ താളംതെറ്റാൻ കാരണം.

## ആസിഡ് ആക്രമണക്കേസ് വിചാരണയ്ക്ക് 16 വർഷത്തെ കാലതാമസം ; നടുക്കം പ്രകടിപ്പിച്ച് സുപ്രീംകോടതി

ന്യൂഡൽഹി: 2009ൽ നടന്ന ആസിഡ് ആക്രമണക്കേസിൻറെ വിചാരണ 16 വർഷമായിട്ടും പൂർത്തിയാകാത്തതിൽ രൂക്ഷവിമർശനവുമായി സുപ്രീംകോടതി. ഡൽഹിയിലെ രോഹിണിയിലുള്ള വിചാരണക്കോടതിയിൽ 16 വർഷമായി പുരോഗമിച്ചുകൊണ്ടിരിക്കുന്ന വിചാരണനടപടികൾ സംവിധാനത്തെ പരിഹസിക്കുന്നതാണെന്ന് ചീഫ് ജസ്റ്റീസ് സൂര്യകാന്ത്, ജസ്റ്റീസ് ജോയ്മല്യ ബാഗ്ചി എന്നിവരടങ്ങുന്ന ബെഞ്ച് വിശേഷിപ്പിച്ചു.

ദേശീയ തലസ്ഥാനത്തിന് ഇത്തരമൊരു സ്ഥിതി കൈകാര്യം ചെയ്യാൻ കഴിയില്ലെങ്കിൽ ആര് കൈകാര്യം ചെയ്യുമെന്നു ചോദിച്ച കോടതി രാജ്യത്തുടനീളം കെട്ടിക്കിടക്കുന്ന ആസിഡ് ആക്രമണക്കേസ് വിചാരണകളുടെ വിവരങ്ങൾ കൈമാറാൻ ഹൈക്കോടതികൾക്കു നിർദേശവും നൽകി.

ക്ഷേമപദ്ധതികൾ ലഭിക്കുന്നതിനായി ആസിഡ് ആക്രമണക്കേസിലെ ഇരകളെ ഭിന്നശേഷിക്കാരുടെ പട്ടികയിലേക്ക് തരംതിരിക്കണമെന്നാവശ്യപ്പെട്ട് ആസിഡ് ആക്രമണത്തിനിരയായ ഷഹീൻ മാലിക് എന്ന യുവതി നൽകിയ പൊതുതാത്പര്യഹർജി പരിഗണിക്കവേയായിരുന്നു പരമോന്നത കോടതിയുടെ വിമർശനവും നിർദേശവും.

ഹർജി പരിഗണിക്കവെ, ഹരിയാനയിൽ 2009ൽ രജിസ്റ്റർ ചെയ്ത ആസിഡ് ആക്രമണക്കേസിൻറെ വിചാരണ 16 വർഷമായിട്ടും പൂർത്തിയായിട്ടില്ലെന്നും പ്രതിയെ ഇതുവരെ ശിക്ഷിച്ചിട്ടില്ലെന്നും ഷഹീൻ കോടതിയെ അറിയിച്ചു. ഇതിൽ ആശങ്ക രേഖപ്പെടുത്തിയ സുപ്രീംകോടതി ഇത്രയും വർഷത്തെ കാലതാമസം ലജ്ജാകരമാണെന്നും സംവിധാനത്തിൻറെ ഗുരുതരമായ വീഴ്ചയാണെന്നും വിമർശിച്ചു.

സുപ്രീംകോടതിക്ക് സ്വമേധയാ കേസ് പരിഗണിക്കാനും വിചാരണ എല്ലാ ദിവസവും പുരോഗമിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും വേണ്ടി പ്രത്യേകം അപേക്ഷ സമർപ്പിക്കാൻ ചീഫ് ജസ്റ്റീസ് ഹർജിക്കാരിയോട് ഉപദേശിക്കുകയും ചെയ്തു. ഷഹീൻറെ പൊതുതാത്പര്യഹർജിയിൽ നിയമഭേദഗതി നടത്തുന്നത് പരിഗണിക്കാൻ കേന്ദ്രത്തോടും കോടതി നിർദേശിച്ചു.

# സ്ഥിരം വിസി നിയമനം: മുഖ്യമന്ത്രിയുടെ നിർദേശം അവഗണിച്ച് ഗവർണർ

ന്യൂഡൽഹി: കേരള ഡിജിറ്റൽ, സാങ്കേതിക സർവകലാശാലകളിലേക്കുള്ള സ്ഥിരം വൈസ് ചാൻസലർ നിയമനത്തിൽ മുഖ്യമന്ത്രിയുടെ പരിഗണനാക്രമം തള്ളി സർവകലാശാല ചാൻസലർകൂടിയായ ഗവർണർ രാജേന്ദ്ര അർലേക്കർ.

വൈസ് ചാൻസലറായി നിയമിക്കാൻ പാടില്ലെന്നു മുഖ്യമന്ത്രി നിർദേശിച്ച ഡോ. സിസ തോമസിനെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവകലാശാലയുടെ വൈസ് ചാൻസലറായും, പരിഗണനാപട്ടികയിൽ നാലാമതുള്ള ഡോ. പ്രിയ ചന്ദ്രനെ കേരള ഡിജിറ്റൽ സർവകലാശാലയുടെ വൈസ് ചാൻസലറായും നിർദേശിക്കുന്നുവെന്ന് ഗവർണർ സുപ്രീംകോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ അറിയിച്ചു.

പട്ടികയിൽ ഉൾപ്പെട്ടവരുടെ യോഗ്യതകൾ ശിപാർശയ്ക്കൊപ്പം കൈമാറാത്ത സാഹചര്യത്തിൽ രണ്ടു പട്ടികയിലും ഉൾപ്പെട്ടവരെ സ്ഥിരം വിസിമാരായി നിയമിക്കുകയല്ലാതെ മറ്റു മാർഗമില്ലെന്ന് ഗവർണർ സത്യവാങ്മൂലത്തിൽ വ്യക്തമാക്കി. ഡോ. സിസ തോമസും ഡോ. പ്രിയ ചന്ദ്രനും രണ്ടു പട്ടികയിലും ഉൾപ്പെട്ട സാഹചര്യത്തിലാണു തീരുമാനം.

സുപ്രീംകോടതി മുൻ ജഡ്ജി സുധാൻശു ധൂലിയയുടെ അധ്യക്ഷതയിലുള്ള സെർച്ച് കമ്മിറ്റി നിർദേശിക്കുന്ന പേരുകൾ മുൻഗണനാടിസ്ഥാനത്തിൽ മുഖ്യമന്ത്രി ഗവർണർക്കു കൈമാറുകയും ഗവർണർ നിയമനം നടത്തുകയും ചെയ്യണമെന്നായിരുന്നു സുപ്രീംകോടതിയുടെ നിർദേശം.

ഇതിൻറെ അടിസ്ഥാനത്തിൽ കേരള ഡിജിറ്റൽ സർവകലാശാലാ വിസി നിയമനത്തിന് മുൻഗണനാക്രമത്തിൽ ഡോ. സജി ഗോപിനാഥൻ, ഡോ. എം.എസ്. രാജശ്രീ, ഡോ. ജിൻ ജോസ്, ഡോ. പ്രിയ ചന്ദ്രൻ, സിസ തോമസ് എന്നിവരുടെ പേരുകൾ മുഖ്യമന്ത്രി ഗവർണർക്കു കൈമാറി. എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവകലാശാലയിലേക്ക് ഡോ. സി. സതീഷ് കുമാർ, ഡോ. ജി.ആർ. ബിന്ദു, ഡോ. പ്രിയ ചന്ദ്രൻ, സിസ തോമസ് എന്നിവരെയുമാണ് മുൻഗണനാക്രമത്തിൽ നിർദേശിച്ചത്.

മുഖ്യമന്ത്രി ഗവർണർക്കു കൈമാറിയ രണ്ടു പട്ടികയിലും ഡോ. സിസയെ ശിപാർശ ചെയ്യുന്നില്ലെന്നു രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ഇരുപട്ടികയിലും അവസാനമായാണു ഡോ. പ്രിയ ചന്ദ്രനെ മുഖ്യമന്ത്രി നിർദേശിച്ചിരിക്കുന്നത്. എന്നാൽ രണ്ടു പട്ടികയിലും ഇരുവരെയും ഉൾപ്പെടുത്തിയ സാഹചര്യത്തിൽ മെറിറ്റിൻറെ അടിസ്ഥാനത്തിൽ ഇരുവരെയും സ്ഥിരം വിസിമാരായി നിയമിക്കണമെന്ന് ഗവർണർ സമർപ്പിച്ച സത്യവാങ്മൂലത്തിൽ ആവശ്യപ്പെട്ടു.

ഓഗസ്റ്റ് 18ലെ സുപ്രീംകോടതിയുടെ നിർദേശപ്രകാരം ഷോർട്ട് ലിസ്റ്റ് ചെയ്ത ഏതെങ്കിലും സ്ഥാനാർഥികളെ സംബന്ധിച്ചോ മുഖ്യമന്ത്രിയുടെ നിർദേശത്തിലോ ഗവർണർക്ക് അതൃപ്തിയുണ്ടെങ്കിൽ കാരണങ്ങൾ ചൂണ്ടിക്കാട്ടി ചാൻസലർകൂടിയായ ഗവർണർക്കു തീരുമാനമെടുക്കാമെന്ന് സത്യവാങ്മൂലത്തിൽ ചൂണ്ടിക്കാട്ടി. ഇതോടൊപ്പം സ്ഥാനാർഥികളുടെ യോഗ്യതകൾ വ്യക്തമാക്കുന്ന ഒരു രേഖയുമില്ലാതെയാണു തീരുമാനമെടുക്കാൻ ചാൻസലറോട് ആവശ്യപ്പെട്ടതെന്നും സത്യവാങ്മൂലത്തിൽ പറയുന്നുണ്ട്.

സാങ്കേതിക സർവകലാശാലാ സിൻഡിക്കേറ്റ് യോഗത്തിൽനിന്ന് ഇറങ്ങിപ്പോകുകയും സർവകലാശാലയിൽ ഭരണ പ്രതിസന്ധിയുണ്ടാക്കുകയും ചെയ്ത സിസ തോമസിനെ വിസിയാക്കരുതെന്നു വ്യക്തമാക്കിക്കൊണ്ടുള്ള മുഖ്യമന്ത്രിയുടെ വിയോജനക്കുറിപ്പും സത്യവാങ്മൂലത്തിനൊപ്പം ചേർത്തിട്ടുണ്ട്. വിഷയം പരിഗണനയ്ക്കുവരുന്പോൾ സുപ്രീംകോടതിയായിരിക്കും ഇനി തീരുമാനമെടുക്കുക.

# പിഎം കിസാൻ: അനർഹർ കൈപ്പറ്റിയ ആനുകൂല്യം തിരിച്ചുപിടിച്ച് കേന്ദ്രം; കേരളത്തിൽ 7,700 കുടുംബങ്ങൾ

ന്യൂഡൽഹി : കർഷകരുടെ അക്കൗണ്ടുകളിലേക്കു നേരിട്ടു പണം നൽകുന്ന പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധിയുടെ(പിഎം കിസാൻ) ആനുകൂല്യം അനർഹർ കൈപ്പറ്റിയതിൽ 416.75 കോടി രൂപ കേന്ദ്രം തിരിച്ചുപിടിച്ചു. കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ ഒരേ കുടുംബത്തിലെ ആളുകൾ അനർഹമായി ആനുകൂല്യം കണ്ടെത്തുന്നുവെന്ന് കേന്ദ്ര കൃഷിമന്ത്രാലയം കണ്ടെത്തിയിരുന്നു.

ഇത്തരത്തിൽ തന്നെ 29.13 ലക്ഷം അക്കൗണ്ടുകളാണ് രാജ്യവ്യാപകമായി കണ്ടെത്തിയത്. തുടർന്നാണ് അനർഹർ കൈപ്പറ്റിയ ആനുകൂല്യം പിടിച്ചെടുത്തു തിരിച്ചു നൽകാൻ സംസ്ഥാനങ്ങളോടു നിർദേശിച്ചത്. കേരളത്തിൽ 7,694 കുടുംബങ്ങളിൽ ഭാര്യയും ഭർത്താവും ആനുകൂല്യം കൈപ്പറ്റിയതായി സംസ്ഥാന സർക്കാർ റിപ്പോർട്ടു നൽകിയിരുന്നു. പ്രായപൂർത്തിയാകാത്ത മക്കളും മറ്റു ബന്ധുക്കളും ഉൾപ്പെടെ സംസ്ഥാനത്തു 33 പേരും അനധികൃതമായി ആനുകൂല്യം കൈപ്പറ്റിയിരുന്നു. ഇതു തിരിച്ചുപിടിക്കാനുള്ള നടപടികളും തുടങ്ങി

# നൊസ്റ്റാൾജിയ

യോഹന്നാൻ തെക്കും ഭാഗം

**കേരളത്തിന്റെ ടൂറിസം ഭൂപടത്തിൽ കുമ്പളങ്ങിക്കു സമാനമായുള്ള ഭൂമികയാണ് മാമുകിൽ തെക്കുംഭാഗം. കായലും തുരുത്തുകളും ദേശാടനപക്ഷികളും, മൽസ്യകലവറയുമുള്ള മനോഹരമായ നാട്". ആ നാടിന്റെ ഓർമ്മകളും അനുഭവങ്ങളും ഓർമ്മയിൽ നിന്നും കുറിക്കുകയാണ് നാട്ടുകാരൻ കൂടിയായ യോഹന്നാൻ.**



## ഏനാഴത്തെ ചക്കര മാവ്

കുട്ടിക്കാലത്ത് അല്ലറ ചില്ലറ കുരുത്തകേടുകൾക്ക് കുറവില്ലായിരുന്നു മാവേൽ ഏറ് അടക്കാമരത്തിലേറ് തെങ്ങിലേറ് മുതലായകുരുത്തക്കേട് ഒരിക്കൽ ഏനാഴത്ത് തെക്കതിൽ ഒരു പേരക്കാ മാവ് ഉണ്ടായിരുന്നു കല്ലുകടക്കാരായിരുന്നു അതിന്റെ ഉടമസ്ഥർ മാവ് നിറയേ മാങ്ങയും അത് വിലക്കെടുത്തവർ പിള്ളേരുടെ മാവേലേറിന് ശമനം വരുത്താൻ അമ്മച്ചിവീട്ടിൽ നിന്നും ജപിച്ച ഒരുപട്ട് തുണി ചുവന്നത് മാവിൽ കെട്ടിതൂക്കി ഇതുകണ്ടുഭയന്ന പിള്ളർ കൂട്ടം മാവേൽ എറിയാതായി മാങ്ങാ വലുതായി തുടങ്ങി പുളിയില്ലാത്തതും പേരക്കായുടെ രുചിയും മണവും കണ്ടു കൊതിതുള്ളിയ ഞങ്ങ ൾ കുറേപേർ മാവിന്റെ ചുവട്ടിൽ കൂടി കരക്കാറ്റ് സമയം അടന്നുവീഴുന്നത് പെറുക്കാൻ തിരക്കിട്ട് നിൽക്കുകയായിരുന്നു മാവിൽ ചുവന്ന പട്ടുണ്ട് പേടിയുമുണ്ട് എന്നാൽ ഇതൊന്നും വകവയ്ക്കാതെ ഞാൻ മാവിൽ കല്ലുകൊണ്ട് എറിഞ്ഞു മാങ്ങ വീഴ്ത്തി എന്നാൽ മറ്റാരും മാങ്ങാ എടുക്കാനോ കടിച്ചുപറിച്ച് തിന്നാനോ മുതിർന്നില്ല എനിക്ക് ഒറ്റക്ക് മാങ്ങ എടുക്കാനും തിന്നാനും മടിയില്ലായിരുന്നു അങ്ങനെ കുരുത്തക്കേടുകളുടെ ഉദാഹരണം പറഞ്ഞു എന്നുമാത്രം ഇങ്ങനെ തെങ്ങിൽ നിന്നും തേങ്ങയും എറിഞ്ഞിട്ടിട്ടുണ്ട് കവുങ്ങിൽ നിന്ന് ചംമ്പനും പാക്കും പെടും കൗമാരകളികളായ് കരുതാം

# 'മുകേഷിനെ മുഖ്യമന്ത്രി സ്ഥാനാർഥിയായി പ്രഖ്യാപിച്ചാലും അദ്ഭുതപ്പെടേണ്ടതില്ല; ശബരിമല വിഷയത്തിലും നടപടിയില്ല'

അവർക്കെതിരെ ഒരു നടപടിയും എടുക്കില്ലെന്ന വാശിയിലാണ് സിപിഎം എന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ. അയ്യപ്പന്റെ സ്വർണം കവർന്ന കേസിൽ എസ്ഐടി അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോടതി റിമാൻഡ് ചെയ്ത് ജയിലിൽ അടച്ചിട്ടും ഒരു നടപടിയും ഇല്ല. അവർ പുതിയ പേരുകൾ വെളിപ്പെടുത്തുമോ എന്ന പേടിയാണ് സിപിഎമ്മിന്. അതുകൊണ്ട് സർക്കാർ അവർക്കു കുട പിടിച്ചു കൊടുക്കുകയാണ്.

സിപിഎമ്മിന്റെ ഈ നിലപാടിൽ അമ്പരന്നു നിൽക്കുകയാണ് കേരളത്തിലെ പൊതുസമൂഹം. തിരഞ്ഞെടുപ്പ് കഴിയും വരെ കടകംപള്ളി സുരേന്ദ്രനെ ചോദ്യം ചെയ്യരുതെന്ന് ആവശ്യപ്പെട്ട് എസ്ഐടിക്കു മേൽ കടുത്ത സമ്മർദമാണ് മുഖ്യമന്ത്രിയുടെ ഓഫിസ് ചെലുത്തുന്നത്. എന്നാലും പരമാവധി വൈകിപ്പിക്കാനേ കഴിയൂ. ദേവസ്വം മുൻ പ്രസിഡന്റുമാർ കടകംപള്ളിയുടെ പേര് പറഞ്ഞുകഴിഞ്ഞു. കടകംപള്ളിക്ക് ഉണ്ണികൃഷ്ണൻ പോറ്റിയുമായി ബന്ധമുണ്ടെന്നതിനു ഞങ്ങളുടെ പക്കലും തെളിവുകളുണ്ട്. ശബരിമല വിഷയത്തിൽ ഇന്നലെ ഹൈക്കോടതി നടത്തിയ പരാമർശങ്ങൾ ഗുരുതരമാണ്. വൻ തോക്കുകൾ വരാനുണ്ടെന്നും അവരേക്കുറിച്ചു കൂടി അന്വേഷിക്കണമെന്നുമാണ് കോടതി പറഞ്ഞതെന്നും സതീശൻ പറഞ്ഞു.

ബലാത്സംഗക്കേസിൽ പ്രതിയായ എംഎൽഎയോടു രാജിവയ്ക്കണമെന്നു സിപിഎം പറഞ്ഞിട്ടില്ലെന്ന് മുകേഷ് വിഷയത്തിൽ സതീശൻ പ്രതികരിച്ചു. അദ്ദേഹം എൽഡിഎഫിന്റെ പാർലമെന്ററി പാർട്ടി അംഗമാണ്. അതിൽനിന്നു പുറത്താക്കിയിട്ടില്ല. ജനങ്ങളെ കബളിപ്പിക്കുകയാണ് സിപിഎം. മുകേഷിനെ മുഖ്യമന്ത്രി സ്ഥാനാർഥിയായി സിപിഎം പ്രഖ്യാപിച്ചാലും അദ്ഭുതപ്പെടേണ്ടതില്ല. മുകേഷിന്റെ പീഡനത്തിന് തീവ്രത ക്കുറവായിരുന്നുവെന്ന സിപിഎമ്മിന്റെ വിലയിരുത്തൽ കേട്ട് കേരളം ചിരിക്കുകയാണ്. എല്ലാ കുറ്റകൃത്യങ്ങൾക്കും കൂട്ടുനിൽക്കുകയാണ് അവർ ചെയ്യുന്നതെന്നും സതീശൻ പറഞ്ഞു.

# രാഹുൽ മാങ്കൂട്ടത്തിലിൻെറ അറസ്റ്റ് വൈകുന്നതിൻെറ കാരണം രാഷ്ട്രീയം മാത്രം: വി.ഡി. സതീശൻ

തിരുവനന്തപുരം: രാഹുൽ മാങ്കൂട്ടത്തിലിൻറെ അറസ്റ്റ് വൈകുന്നതിൻറെ കാരണം രാഷ്ട്രീയം മാത്രമാണെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ. യുവതി പരാതി നൽകുമെന്നറിഞ്ഞിട്ടും എന്തു കൊണ്ടാണ് പോലീസും സർക്കാരും രാഹുലിൻറെ നീക്കങ്ങൾ ശ്രദ്ധിക്കാതിരുന്നതെന്നും അദ്ദേഹം ചോദിച്ചു.

സ്പെഷൽ ബ്രാഞ്ചിലെ ഒരു പോലീസുകാരൻ വിചാരിച്ചാൽ രാഹുൽ മാങ്കൂട്ടത്തിലിനെ അറസ്റ്റ് ചെയ്യാമായിരുന്നു. എന്നാൽ, അറസ്റ്റായിരുന്നില്ല അവരുടെ ആഗ്രഹം. തെരഞ്ഞെടുപ്പ് കാലത്ത് ശബരിമലയിലെ സ്വർണക്കൊള്ള വിഷയം മാറ്റിവച്ച് വേറെ വിഷയം ചർച്ച ചെയ്യണം. അതിനായിരുന്നു ഇതെല്ലാമെന്നും സതീശൻ ആരോപിച്ചു.

രാഹുൽ മാങ്കൂട്ടത്തിലിനെതിരേ കോൺഗ്രസ് ശക്തമായ നടപടിയാണ് കൈക്കൊണ്ടത്. ആരോപണ വിധേയരാകുകയും സമാന കേസുകളിൽ പ്രതികളായവർക്കെതിരേ സിപിഎം ഒരു നടപടിയും കൈക്കൊണ്ടിട്ടില്ല. മുകേഷ് എംഎൽഎയെയും പത്മകുമാറിനെയും പുറത്താക്കാൻ സിപിഎമ്മിന് ധൈര്യമുണ്ടോയെന്ന് സതീശൻ ചോദിച്ചു.

ശബരിമല സ്വർണക്കൊള്ളക്കേസിൽ ഹൈക്കോടതി വ്യാഴാഴ്ച നടത്തിയ പരാമർശങ്ങൾ ഗുരുതരമാണെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു. കൊള്ളയുടെ പിന്നിൽ പ്രവർത്തിച്ച വൻ തോക്കുകൾ പുറത്തുവരാനുണ്ടെന്നും അവരെ പുറത്തു കൊണ്ടുവരുന്ന വിധത്തിൽ അന്വേഷണം നടത്തണമെന്നാണ് ഹൈക്കോടതി പറഞ്ഞത്.

എസ്ഐടിക്ക്മേൽ മുഖ്യമന്ത്രിയുടെ ഓഫീസ് ശക്തമായ സമ്മർദമാണ് ചെലുത്തുന്നത്. തദ്ദേശ തെരഞ്ഞെടുപ്പ് കഴിയുന്നതുവരെ മുൻ മന്ത്രി കടകംപള്ളി സുരേന്ദ്രനെ ചോദ്യം ചെയ്യരുതെന്നാണ് മുഖ്യമന്ത്രിയുടെ ഓഫീസ് ആവശ്യപ്പെട്ടിരിക്കുന്നത്. അതിനാലാണ് കടകംപള്ളിയ്ക്കുനേരെ അന്വേഷണം എത്താത്തതെന്നും സതീശൻ കൂട്ടിച്ചേർത്തു.

ഉണ്ണിക്കൃഷ്ണൻ പോറ്റിയുമായുള്ള കടകംപള്ളിയുടെ ബന്ധം അറസ്റ്റിലായ പത്മകുമാറും കൂട്ടുപ്രതികളും നേരത്തെ പറഞ്ഞതാണ്. ബിജെപി-സിപിഎം അവിഹിതബന്ധം ഇപ്പോൾ പുറത്തായെന്നും പ്രതിപക്ഷം പറഞ്ഞത് ശരിയാണെന്ന് തെളിഞ്ഞെന്നും അദ്ദേഹം പറഞ്ഞു.

പാർട്ടി ദേശീയ സെക്രട്ടറിയ്ക്കും സംസ്ഥാന സെക്രട്ടറിക്കും മന്ത്രിസഭയ്ക്കും ഒരു വില പോലും കൽപ്പിക്കാതെ മുഖ്യമന്ത്രി പിണറായി വിജയൻ ഏകപക്ഷീയമായാണ് കാര്യങ്ങൾ തീരുമാനിക്കുന്നതെന്ന വിവരങ്ങളാണ് പുറത്തുവരുന്നത്. സിപിഎം ഇപ്പോൾ കേരളത്തിൻറെ മുന്നിൽ നാണം കെട്ടിരിക്കുകയാണ്.

# വിവാഹപ്രായത്തിനു മുമ്പേ ഒന്നിച്ചു താമസിക്കാമെന്ന വിധിയുമായി രാജസ്ഥാൻ ഹൈക്കോടതി

ന്യൂഡൽഹി: നിയമപ്രകാരമുള്ള വിവാഹപ്രായമെത്തുന്നതിനു മുമ്പുതന്നെ പ്രായപൂർത്തിയായവർക്ക് ഉഭയസമ്മതപ്രകാരം ഒരുമിച്ചു താമസിക്കാമെന്ന ഏറെ ചർച്ചയായേക്കാവുന്ന വിധിയുമായി രാജസ്ഥാൻ ഹൈക്കോടതി. രാജസ്ഥാനിലെ കോട്ടയിൽനിന്നുള്ള പതിനെട്ടുകാരിയുടെയും പത്തൊമ്പതുകാരൻറെയും ഹർജിയിലാണ് മൗലികാവകാശങ്ങളുടെ വ്യാപ്തി വിവാഹപ്രായമല്ല മറിച്ചു പ്രായപൂർത്തിയാകുന്നതാണെന്നു ചൂണ്ടിക്കാട്ടി വിധി രാജസ്ഥാൻ ഹൈക്കോടതിയുടെ വിധി. ദൂരവ്യാപകഫലങ്ങൾ ഉണ്ടാക്കുന്നതാണ് വിധിയെന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു.

ഹർജി നൽകിയ 18 വയസ് പൂർത്തിയായ യുവതിയും 19 വയസ് പൂർത്തിയായ യുവാവും തങ്ങൾ സ്വമേധയാ എടുത്ത തീരുമാനപ്രകാരം ഒരുമിച്ചു താമസിക്കുകയാണെന്നും എന്നാൽ, യുവതിയുടെ കുടുംബം ബന്ധത്തെ എതിർക്കുകയും കൊലപാതക ഭീഷണി മുഴക്കുകയും ചെയ്യുകയാണെന്നും കോടതിയെ അറിയിച്ചു. 2025 ഒക്ടോബർ 27നു ലിവ്-ഇൻ കരാറിൽ ഇരുവരും ഒപ്പിട്ടുണ്ടെന്നും എന്നാൽ, ഒരുമിച്ചു ജീവിക്കാൻ അനുവദിക്കാത്തതിൽ കോട്ട പോലീസിനു നൽകിയ പരാതിയിൽ നടപടിയൊന്നുമെടുത്തിട്ടില്ലെന്നും ഇരുവരും കോടതിയിൽ പരാതിപ്പെട്ടു.

എന്നാൽ, ഇരുവരുടെയും ഹർജി എതിർത്ത പബ്ലിക് പ്രോസിക്യൂട്ടർ യുവാവിനു വിവാഹത്തിനു ആവശ്യമായ ഏറ്റവും കുറഞ്ഞ പ്രായമായ 21 വയസ് പൂർത്തിയായിട്ടില്ലെന്നും ലിവ്-ഇൻ-ബന്ധത്തിനു അനുവദിക്കരുതെന്നും കോടതിയോട് ആവശ്യപ്പെട്ടു. എന്നാൽ, ഹർജിക്കാർക്ക് വിവാഹപ്രായമെത്തിയിട്ടില്ലെന്നതുകൊണ്ട് മാത്രം ഭരണഘടനയുടെ അനുച്ഛേദം 21 നിഷ്കർഷിക്കുന്ന ജീവിതത്തിനും വ്യക്തിസ്വാതന്ത്ര്യത്തിനുമുള്ള അവകാശം നിഷേധിക്കാനാവില്ലെന്നും കോടതി ചൂണ്ടിക്കാട്ടുകയായിരുന്നു.

ലിവ്-ഇൻ-റിലേഷൻഷിപ്പുകൾ ഇന്ത്യൻ നിയമത്തിനു കീഴിൽ നിരോധിച്ചിട്ടില്ലെന്നും ക്രിമിനൽ കുറ്റത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടില്ലെന്നു ചൂണ്ടിക്കാട്ടിയ കോടതി എല്ലാ പൗരരുടെയും ജീവിതവും സ്വാതന്ത്ര്യവും സംരക്ഷിക്കാൻ ഭരണഘടനാപരമായ ചുമതല സർക്കാരുകൾക്കുണ്ടെന്നും നിരീക്ഷിച്ചു. ഹർജിയിലെ വസ്തുതകൾ പരിശോധിച്ചു ഇരുവർക്കും ആവശ്യമെങ്കിൽ സംരക്ഷണം ഒരുക്കാനും രാജസ്ഥാൻ ഹൈക്കോടതി പോലീസിനോടു നിർദേശിച്ചു.

# ഖേലോ ഇന്ത്യ യൂണിവേഴ്സിറ്റി ഗെയിംസിൽ എംജി ജേതാക്കൾ

ജയ്പുർ: അഞ്ചാമത് ഖേലോ ഇന്ത്യ അന്തർ സർവകലാശാല കായിക മേളയിൽ ബാസ്കറ്റ്ബോൾ സ്വർണം കോട്ടയം എംജി സർവകലാശാലയ്ക്ക്. വനിതാ വിഭാഗത്തിലാണ് എംജി സർവകലാശാലയുടെ സുവർണ നേട്ടം.

ആവേശകരമായ ഫൈനലിൽ ചെന്നൈ എസ്ആർഎം സർവകലാശാലയെയാണ് കോട്ടയം എംജി കീഴടക്കിയത്. 60 പോയിൻറിന് എതിരേ 74 ബാസ്കറ്റ് നടത്തിയായിരുന്നു കോട്ടയം എംജി ഫൈനലിൽ വെന്നിക്കൊടി പാറിച്ചത്. എംജിക്കു വേണ്ടി അക്ഷയ ഫിലിപ്പ് 17 പോയിൻറുമായി ടോപ് സ്കോറർ ആയി. ഐറിൻ എൽസ ജോൺ 14 ഉം എസ്.എസ്. കൃഷ്ണപ്രിയ 13 ഉം എ. അജിന 12 ഉം റീമ റൊണാൾഡ് , ആതിര ദാസ് എന്നിവർ ഒമ്പത് പോയിൻറ് വീതവും സ്വന്തമാക്കി. എസ്ആർഎം ചെന്നൈയ്ക്കു വേണ്ടി സോനറെസലിൻ 14 ഉം എം. സംഗിത്രവും 14 പോയിൻറ് വീതം നേടി. സി.വി. സണ്ണി പരിശീലിപ്പിച്ച ടീമിൽ , സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ കോച്ച് ജോബിൻ ആയിരുന്നു സഹ പരിശീലകൻ. മാനേജർ സുമ ജോസഫ്. സാന്ദ്ര ഫ്രൻസിസ് ആണ് ടീം ക്യാപ്റ്റൻ.

# മുൻകൂർ ജാമ്യം തേടി രാഹുൽ ഹൈക്കോടതിയിൽ; കേസ് ഇന്ന് പരിഗണിക്കും

കൊച്ചി : യുവതിയെ ബലാത്സംഗം ചെയ്യുകയും ഭീഷണിപ്പെടുത്തി ഗർഭഛിദ്രം നടത്തുകയും ചെയ്തെന്ന കേസിൽ മുൻകൂർ ജാമ്യത്തിനായി രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎ ഹൈക്കോടതിയെ സമീപിച്ചു. ബലാത്സംഗക്കേസിൽ രാഹുലിന്റെ മുൻകൂർ ജാമ്യാപേക്ഷ തിരുവനന്തപുരം ജില്ലാ സെഷൻസ് കോടതി തള്ളിയിരുന്നു. പിന്നാലെയാണ് രാഹുൽ മുൻകൂർ ജാമ്യം തേടി ഹൈക്കോടതിയെ സമീപിച്ചത്. ജില്ലാ കോടതിയിൽ മുൻകൂർ ജാമ്യം ആവശ്യപ്പെട്ട് നൽകിയ ഹർജിയിൽ വ്യക്തമാക്കിയ കാര്യങ്ങൾ തന്നെയാണ് ഹൈക്കോടതിയിലും രാഹുൽ പറഞ്ഞിരിക്കുന്നത്. കേസ് ഇന്ന് തന്നെ പരിഗണിക്കും.

ബലാത്സംഗത്തിനു തെളിവില്ലെങ്കിലും ഭീഷണിപ്പെടുത്തി ഗർഭഛിദ്രം ചെയ്യിച്ചതിനു പ്രഥമദൃഷ്ട്യാ തെളിവുണ്ടെന്നു നിരീക്ഷിച്ചാണു കഴിഞ്ഞ ദിവസം കോടതി മുൻകൂർ ജാമ്യം നിഷേധിച്ചത്. ജാമ്യം നൽകുന്നത് അന്വേഷണത്തെ ബാധിക്കുമെന്നും സാക്ഷികളെ സ്വാധീനിക്കുകയും തെളിവു നശിപ്പിക്കുകയും ചെയ്തേക്കാമെന്നും പ്രിൻസിപ്പൽ സെഷൻസ് ജഡ്ജി എസ്.നസീറ ചൂണ്ടിക്കാട്ടി.

പ്രതിയുടെ ഫോൺ പിടിച്ചെടുത്തു പരിശോധിക്കണമെന്നും കസ്റ്റഡിയിൽ ചോദ്യം ചെയ്യണമെന്നും പ്രോസിക്യൂഷൻ ആവശ്യപ്പെട്ടതായി ഉത്തരവിലുണ്ട്. രാഹുലിനെതിരെ പുതുതായി റജിസ്റ്റർ ചെയ്ത ബലാത്സംഗക്കേസിന്റെ എഫ്ഐആർ പ്രോസിക്യൂഷൻ ഹാജരാക്കിയതും കോടതി പരിശോധിച്ചു.

## പ്രായപൂർത്തിയാവാത്ത കുട്ടികൾക്കെതിരെ ലൈംഗികാതിക്രമം; പ്രതി പിടിയിൽ

വൈത്തിരി: വയനാട് വൈത്തിരിയിൽ പ്രായപൂർത്തിയാവാത്ത കുട്ടികൾക്കെതിരെ ലൈംഗികാതിക്രമം നടത്തിയ പ്രതി പിടിയിൽ. ചീരാൽ നമ്പിക്കൊല്ലി പുത്തൻകുന്ന് പഴുക്കായിൽ വീട്ടിൽ സുനിൽ സ്റ്റീഫൻ ആണ് പിടിയിലായത്. പ്രായപൂർത്തിയാകാത്ത രണ്ട് കുട്ടികളുടെ പരാതിയിൽ രണ്ട് കേസുകളാണ് പ്രതിക്കെതിരെ രജിസ്റ്റർ ചെയ്തത്. 2020 മുതൽ പ്രതി കുട്ടികൾക്കെതിരെ ലൈംഗികാതിക്രമം നടത്തിയിരുന്നതായാണ് പരാതി. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

# സംയുക്ത പ്രതിരോധ സേന മേധാവിയായി അസിം മുനീർ; പാക് ചരിത്രത്തിലെ ഏറ്റവും ശക്തനായ സൈനിക മേധാവി

ഇസ്ലാമാബാദ്: പാക്കിസ്ഥാൻറെ ചരിത്രത്തിലെ ഏറ്റവും ശക്തനായ സൈനിക മേധാവിയായി അസിം മുനീർ. പാക്കിസ്ഥാൻറെ സംയുക്ത പ്രതിരോധ സേന (ചീഫ് ഓഫ് ഡിഫൻസ് സ്റ്റാഫ് - സിഡിഎഫ്) കരസേന മേധാവിയായാണ് ഫീൽഡ് മാർഷൽ അസിം മുനീറിനെ നിയമിച്ചത്. സിഡിഎഫ് മേധാവിയായി നിയമിക്കാനുള്ള പ്രധാനമന്ത്രി ഷെഹ്ബാസ് ഷെരീഫിൻറെ ശിപാർശ പാക്ക് പ്രസിഡൻറ് ആസിഫ് അലി സർദാരി അംഗീകരിക്കുകയായിരുന്നു.

കര, നാവിക, വ്യോമ സേനകളുടെ ഏകോപനം മെച്ചപ്പെടുത്തുന്നതിന് രൂപീകരിച്ച സിഡിഎഫിൻറെ ആദ്യ മേധാവിയാണ് അസിം മുനീർ. അഞ്ച് വർഷത്തേക്കാണ് നിയമനം. എയർ ചീഫ് മാർഷൽ സഹീർ അഹമ്മദ് ബാബറിന് രണ്ടു വർഷത്തേക്ക് കാലാവധി നീട്ടിനൽകാനുള്ള ശിപാർശയും ആസിഫ് അലി സർദാരി അംഗീകരിച്ചു.

സേനകളുടെ ഏകോപന ചുമതലയുണ്ടായിരുന്ന ജോയിൻറ് ചീഫ് ഓഫ് സ്റ്റാഫ് കമ്മിറ്റി ചെയർമാൻ (സിജെസിഎസ്സി) പദവി കഴിഞ്ഞ മാസം ഒഴിവാക്കിയാണ് സിഡിഎഫ് തസ്തിക സ്ഥാപിച്ചത്. നവംബറിൽ ചേർന്ന പാർലമെൻറ് യോഗം ഭരണഘടനയുടെ 27 ാം വകുപ്പ് ഭേദഗതി ചെയ്താണ് സിഡിഎഫ് പദവി സൃഷ്ടിച്ചത്. ഫീൽഡ് മാർഷലായി സ്ഥാനക്കയറ്റം നൽകി മാസങ്ങൾക്കുള്ളിലാണ് അസിം മുനീറിന് ഈ പുതിയ നിയമനം.

# ക്ഷേത്രഭണ്ഡാരം തകർത്ത് പണം മോഷ്ടിക്കുന്നതിനിടെ മോഷ്ടാവ് പിടിയിൽ

തളിപ്പറമ്പ്: ക്ഷേത്രഭണ്ഡാരം തകർത്തു പണം കവരുന്നതിനിടെ മോഷ്ടാവ് പിടിയിൽ. പരിയാരം ഐടിസി കോളനിയിലെ ജോഷിയാണ് പിടിയിലായ മോഷ്ടാവ്. കൂടെ ഉണ്ടായിരുന്നയാൾ ഓടിരക്ഷപ്പെട്ടു. പുളിമ്പറമ്പിൽ ഇന്നു പുലർച്ചെ രണ്ടോടെയാണ് സംഭവം. നിരവധി കവർച്ചാക്കേസുകളിൽ പ്രതിയായ ജോഷി തോട്ടാറമ്പ് മുത്തപ്പൻക്ഷേത്രത്തിലെ ഭണ്ഡാരമാണു കവർച്ച ചെയ്തത്. ഭണ്ഡാരം തകർക്കുന്ന ശബ്ദം കേട്ട് തൊട്ടടുത്ത തളിപ്പറമ്പ് ഫോറസ്റ്റ് റേഞ്ച് ഓഫീസിലെ നൈറ്റ് വാച്ച്മാനായ ബക്കളത്തെ എം.ഷാജിയാണ് ആദ്യം ഓടിയെത്തിയത്. ഷാജിയെ കണ്ട ഉടനെ ഇരുവരും ഓടിരക്ഷപ്പെടാൻ ശ്രമിച്ചുവെങ്കിലും ഏറെ നേരത്തെ തെരച്ചിലിനൊടുവിൽ ജോഷി പിടിയിലായി.

ഈ സമയത്ത് അതുവഴി വന്ന പട്ടുവം സ്വദേശിയായ ഓട്ടോ ഡ്രൈവറും ചേർന്നാണ് മോഷ്ടാവിനെ കീഴ്പ്പെടുത്തിയത്. തളിപ്പറമ്പ് പോലീസും സംഭവസ്ഥലത്ത് എത്തിയിരുന്നു. ഓടി രക്ഷപ്പെട്ടത് ഇയാളുടെ കൂട്ടാളിയായ ബംഗാളി റോബിനാണെന്നു തിരിച്ചറിഞ്ഞിട്ടുണ്ട്. 950 രൂപയുടെ നോട്ടുകളും ചില്ലറനാണയങ്ങളുമാണ് ഭണ്ഡാരത്തിൽനിന്നു കവർച്ച ചെയ്തത്.

# രാഹുൽ മാങ്കൂട്ടത്തിലിന് തിരിച്ചടി; മുൻകൂർ ജാമ്യഹർജി കോടതി തള്ളി

തിരുവനന്തപുരം: രാഹുൽ യുവതിയെ ക്രൂരമായി പീഡിപ്പിച്ചു, നഗ്നദൃശ്യങ്ങൾ ചിത്രീകരിച്ചു, പുറത്തുപറഞ്ഞാൽ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തി. ആദ്യം ഗർഭധാരണത്തിന് ആവശ്യപ്പെട്ടു, പിന്നീട് നിർബന്ധിച്ച് ഗർഭഛിദ്രത്തിന് പ്രേരിപ്പിച്ചെന്ന് പ്രോസിക്യൂഷൻ വാദം.

അശാസ്ത്രീയ ഗർഭഛിദ്രം മൂലം യുവതിയുടെ ജീവൻ അപകടത്തിലായെന്ന ചികിത്സിച്ച ഡോക്ടറുടെ മൊഴിയും ചികിത്സാ രേഖകളുമുണ്ടെന്ന് പ്രോസിക്യൂഷൻ കോടതിയെ അറിയിച്ചു. സമാനമായ നിരവധി ആക്ഷേപങ്ങൾ പ്രതിക്കെതിരെ ഉണ്ട്. ജാമ്യം നൽകിയാൽ കേസിനെ സ്വാധീനിക്കാനിടയുണ്ട്. മാതൃകാപരമായി പെരുമാറേണ്ട ജനപ്രതിനിധി ഒളിവിലാണെന്നും പ്രോസിക്യൂഷൻ ചൂണ്ടിക്കാട്ടിയിരുന്നു. അന്വേഷണവുമായി രാഹുൽ സഹകരിക്കുന്നില്ലെന്നും പ്രോസിക്യൂഷൻ കോടയിൽ വ്യക്തമാക്കി.

## മോദിയുടെ 400 പൂർത്തിയായി: പരിഹാസവുമായി എംപി

ന്യൂഡൽഹി: ബിജെപിയും നരേന്ദ്ര മോദിയും പറഞ്ഞ ഇത്തവണ 400 എന്ന മുദ്രാവാക്യം വായുമലിനീകരണതോത് (എക്യുഐ) അപകടകരമായ 400 കടന്നതോടെയാണു പൂർത്തിയായതെന്ന് പാർലമെൻറിൽ ബിജെഡി എംപി സുലത ദിയോയുടെ പരിഹാസം.

ഉത്തരേന്ത്യയിൽ കുട്ടികളും വയോധികരുമടക്കം കോടിക്കണക്കിന് സാധാരണക്കാർ വിഷവായു ശ്വസിച്ച് ദുരിതത്തിലാണെന്നു സുലത ചൂണ്ടിക്കാട്ടി ലോക്സഭാ തെരഞ്ഞെടുപ്പിൽ 400 സീറ്റ് പിടിക്കുമെന്ന മോദിയുടെ അവകാശവാദം ഏതായാലും നടന്നില്ല. എന്നാൽ ദേശീയ തലസ്ഥാനമായ ഡൽഹിയിൽ വായുമലിനീകരണം 400ൽ എത്തിയിരിക്കുന്നു. വായു മലിനീകരണം മൂലം കുട്ടികൾക്കും മുതിർന്ന പൗരന്മാർക്കും സാധാരണക്കാർക്കും ആസ്മ പോലുള്ള ശ്വാസകോശ രോഗങ്ങൾ ബാധിക്കുന്നു. ദിവസവും വായുമലിനീകരണം വർധിച്ചുകൊണ്ടിരിക്കുകയാണ്. എന്നിട്ടും ജനങ്ങളുടെ അവകാശമായ ആരോഗ്യം കാക്കാൻ നടപടിയില്ല. വികസനത്തിൻറെ പേരിൽ അനിയന്ത്രിതമായി മരങ്ങൾ വെട്ടിമാറ്റുന്നതും പരിസ്ഥിതിയെ ദോഷകരമായി ബാധിക്കുന്നുണ്ടെന്ന് ബിജെഡി എംപി പറഞ്ഞു.

# ബസിൽ പെൺകുട്ടിക്കു നേരേ നഗ്നതാ പ്രദർശനം; മൊബൈലിൽ പകർത്തിയപ്പോൾ യുവാവ് തടിതപ്പി

കാട്ടാക്കട: സ്റ്റാൻഡിനുള്ളിൽ നിർത്തിയിരുന്ന ബസിൽ പെൺകുട്ടിക്കുനേരേ യുവാവിൻറെ

നഗ്നതാപ്രദർശനം. ദൃശ്യം പെൺകുട്ടി മൊബൈലിൽ പകർത്തി കണ്ടക്ടറെ കാണിക്കുമെന്നു മനസിലാക്കിയ യുവാവ് രക്ഷപ്പെട്ടു.

കാട്ടാക്കട ബസ് സ്റ്റാൻഡിൽ കഴിഞ്ഞ ദിവസം ഉച്ചയോടെയായിരുന്നു സംഭവം. കോട്ടൂർ ഭാഗത്തേക്കു പോകാനുള്ള ബസിനുള്ളിലിരുന്ന യാത്രക്കാരൻ എതിർവശത്തെ സീറ്റിലിരുന്ന പെൺകുട്ടിക്കു നേരേയാണ് നഗ്നതാപ്രദർശനം നടത്തിയത്.

സംഭവം വീഡിയോ ഉൾപ്പെടെ സാമൂഹികമാധ്യമങ്ങളിൽ പ്രചരിക്കുന്നതു ശ്രദ്ധയിൽപ്പെട്ട കാട്ടാക്കട പോലീസ് അന്വേഷണം നടത്തി യുവതിയെ കണ്ടെത്തി മൊഴി രേഖപ്പെടുത്തി കേസെടുക്കുകയായിരുന്നു.

വീഡിയോയിൽ നിന്ന് ആളെ തിരിച്ചറിയാൻ ശ്രമിക്കുന്നതായും പ്രതിക്കായുള്ള തിരച്ചിൽ ഊർജിതമാക്കിയതായും കാട്ടാക്കട ഇൻസ്പെക്ടർ രാജേഷ് പറഞ്ഞു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# നിശബ്ദസംഘാടനവും വികസനവും ശ്രീകണ്ഠന്റെ മുഖമുദ്ര









തിരുവനന്തപുരം: നിശബ്ദമായ സംഘാടനം,വ്യക്തതയുള്ള വികസന കാഴ്ചപ്പാടുകൾ.മുതിർന്ന മാധ്യമപ്രവർത്തകനായ കെ.ശ്രീകണ്ഠന്റെ മുഖമുദ്രകളിൽ ചിലതാണ്.തിരുവനന്തപുരത്തെ പ്രമുഖമായ പ്രസ്ക്ലബിന്റെ നേതൃത്വത്തിൽ പലതവണ സാരഥ്യം വഹിച്ചിട്ടുള്ള ശ്രീകണ്ഠൻ തന്റെ കാലയളവിലെ പ്രധാന നേട്ടമായി ചൂണ്ടിക്കാണിക്കുന്നത് ഇന്നു കാണുന്ന പ്രസ്സ് ക്ലബിന്റെ ആധുനീകരിച്ച ജേണലിസം ഇൻസ്റ്റിറ്റിയുട്ട് സമുച്ചയമാണ്.വികസനത്തിന്റെ കാതൽ എന്താണ് എന്നുള്ളതിന്റെ തിരിച്ചറിവായി തലസ്ഥാനത്ത് ഉയർന്നു നിൽക്കുന്ന മാധ്യമകേന്ദ്രമായ പ്രസ്സ് ക്ലബിന്റെ ജേണലിസം ഇസ്റ്റിറ്റിയുട്ടിനെ കാണാം.ശ്രീകണ്ഠന്റെ ഭരണ സാരഥ്യത്തിന്റെ കാലയളവിലാണ് നവീകരിച്ച കെട്ടിടത്തിന്റെ ശിലാസ്ഥാപനവും പൂർത്തീകരിക്കലും നടന്നത്.

ഉള്ളൂരിൽ എന്തു വികസനമാണ് കൊണ്ടുവരുന്നതെന്ന ചോദ്യം ഉന്നയിക്കുന്നവരോടുള്ള പല മറുപടികളിൽ ഒന്നാണിതെന്ന് ശ്രീകണ്ഠൻ പറയുന്നു.എന്റെ നാട്ടിൽ കഴിഞ്ഞ നാല്പതു കൊല്ലത്തിലേറെയായി നടന്നുവരുന്ന സാമൂഹികപ്രവർത്തനങ്ങളിൽ നിതാന്ത ശ്രദ്ധ പുലർത്തിയിരുന്ന കാര്യം എടുത്തു പറഞ്ഞു.എല്ലാത്തിലും അണിയറയിലും പിന്നണിയിലും എന്റെ കഴിവുകൾ പരമാവധി പ്രയോജനപ്പെടുത്തിയിട്ടുണ്ട്.എന്നാലും നടപ്പിലാക്കുവാൻ മനസ്സിലുള്ള ഒന്നു രണ്ടു കാര്യം പറയാം.കേശവദാസപുരവുമായി ഉള്ളൂരിന്റെ അതിർത്തി പങ്കിടുന്ന പാലം അതിനു പത്തു നാല്പതു വർഷത്തിലധികം പഴക്കമുണ്ട്.മാറിവന്ന കാലത്തെ വഹന തിരക്കും മറ്റും ഇടുങ്ങിയ പാലം ഇന്നു അപകടക്കെണിയൊരുക്കുന്നു.അതു മാറണം.മറ്റൊന്ന് ഉള്ളൂരിലെ വലിയ പ്രതിസന്ധിയായ കുടിവെള്ള പ്രശ്നം.പഴയകാലത്തെ സംവിധാനങ്ങൾ അപ്പാടെ മാറ്റി പുതിയൊരു മാസ്റ്റർ പ്ലാൻ കൊണ്ടുവന്ന് ആധുനീകവൽക്കരിച്ചു സമയബന്ധിതമായി നടപ്പിലാക്കണം.സാംസ്കാരികരംഗത്ത് മഹാകവി ഉള്ളൂരിന്റെ സ്മാരകമായി ഇപ്പോഴത്തെ മന്ത്രി ശിവൻകുട്ടി യുടെകാലത്തു വിഭാവന ചെയ്ത സാംസ്കാരികസമുച്ചയം അന്നു മന്ത്രി ടി.കെ രാമകൃഷ്ണന്റെ കാലത്ത് അനുമതി ലഭിച്ചതായിരുന്നു. അന്നതു നടപ്പിലായില്ല.സാംസ്കാരിക കേന്ദ്രവും,തീയ്യറ്ററുമെല്ലാം ഉൾപ്പെടുന്ന പ്രസ്തുത പദ്ധതി പൊടിതട്ടിയെടുത്തു നടപ്പിലാക്കണം.ഇങ്ങനെ തലസ്ഥാനത്തെ പ്രമുഖമായ ഉള്ളൂരിൽ നടപ്പിലാക്കേണ്ടുന്ന ചെറുതല്ലാത്ത സ്വപ്നങ്ങളും ശ്രീകണ്ഠൻ മനസ്സിലുറച്ചിട്ടുണ്ട്.ആദ്ധ്യത്മീകരംഗത്ത് നൂറ്റൻപതുവർഷത്തിലേറെ പഴക്കമുള്ള ഉള്ളൂരിലെ പുരാതനമായ ശ്രീബാലസുബ്രഹ്മണ്യക്ഷേത്രം തീർത്ഥാടകരുടെയും വിശ്വാസികളുടെയും കേന്ദ്രമാണ്.ആത്മീയവും പൈതൃകവും നിലനിർത്തിക്കൊണ്ടു ഇത്തരം ആദ്ധാത്മീകകേന്ദ്രങ്ങളുടെയും സമഗ്ര വികസന പദ്ധതികളാണ് ശ്രീകണ്ഠന്റെ മനസ്സിലുള്ളത്.

## ദേവസ്വം ബോർഡ് പ്രസിഡൻറ്: കെ. ജയകുമാറിനെതിരേ ഹർജി, നൽകിയത് ഐഎഎസുകാരൻ

കൊല്ലം: തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറായും മെംബറായും നിയമിക്കപ്പെട്ട റിട്ട. ഐഎഎസ് ഉദ്യോഗസ്ഥൻ കെ. ജയകുമാറിനെ അയോഗ്യൻ എന്നു പ്രഖ്യാപിക്കാനുള്ള ഹർജി തിരുവനന്തപുരം പ്രിൻസിപ്പൽ ജില്ലാ കോടതി ഫയലിൽ സ്വീകരിച്ചു. ഐഎഎസ് ഉദ്യോഗസ്ഥനായ ഡോ. ബി. അശോക് ഫയൽ ചെയ്ത കേസിൽ എതിർകക്ഷികളായ കെ.ജയകുമാർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറി, റവന്യു (ദേവസ്വം) സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് സെക്രട്ടറി, ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മാനേജ്മെൻറ് ഇൻ ഗവണ്മെൻറ് സെക്രട്ടറി എന്നിവർക്ക് 2026 ജനുവരി 15ന് കോടതിയിൽ ഹാജരാകാൻ ജില്ലാ കോടതി നോട്ടീസ് അയച്ച് ഉത്തരവായി.

തിരുവിതാംകൂർ- കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ നിയമ പ്രകാരം നിയമിതനായ കെ. ജയകുമാർ നിയമത്തിലെ ഏഴ് (മൂന്ന്)വകുപ്പ് പ്രകാരം അയോഗ്യനാണെന്നു പ്രഖ്യാപിക്കാനാണ് ഡോ ബി. അശോക് ഹർജി ബോധിപ്പിച്ചത്. ആ വകുപ്പ് പ്രകാരം സർക്കാരിൻറെ ശമ്പളം പറ്റുന്ന പദവി വഹിക്കുന്നയാൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗമോ പ്രസിഡൻറോ ആകുന്നതിന് അയോഗ്യത പ്രഖ്യാപിച്ചിട്ടുണ്ട്.

കെ. ജയകുമാർ നിലവിൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മാനേജ്മെൻറ് ഇൻ ഗവൺമെൻറ് (ഐ എംജി) എന്ന സ്ഥാപനത്തിൽ ഡയറക്ടർ ആയി കേരള സർക്കാർ നിയമിച്ച വ്യക്തിയാണ്. ദേവസ്വം ബോർഡ് അംഗമായും പ്രസിഡൻറായും നിയമിതനായപ്പോഴും സത്യപ്രതിജ്ഞ ചെയ്തു ചുമതല ഏറ്റെടുത്തപ്പോഴും തുടർന്ന് ഇപ്പോഴും കെ.ജയകുമാർ സർക്കാർ പദവി വഹിച്ചു ശമ്പളം പറ്റുന്ന തെളിവുകൾ നിരത്തിയാണ് ഹർജി ഫയൽ ചെയ്തത്.

തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്വയംഭരണാവകാശമുള്ള (ഓട്ടോണമി) സ്ഥാപനമായി വ്യവസ്ഥ ചെയ്ത് അത് ഉറപ്പാക്കാനുള്ള വ്യവസ്ഥകളാണ് നിയമത്തിലുള്ളത്. നിയമത്തിലെ ഏഴാം വകുപ്പിൽ ദേവസ്വം ബോർഡ് അംഗങ്ങളാകുന്നവർക്കുള്ള വിവിധ അയോഗ്യതകൾ വിവരിക്കുന്നത് ആ ലക്ഷ്യത്തോടെയാണ്. നിയമസഭയിലെ ഹിന്ദുമത വിശ്വാസികളായ എംഎൽഎ മാർ ദേവസ്വം അംഗങ്ങളെ തെരഞ്ഞെടുത്തു വന്നിരുന്ന ചട്ടം ഭേദഗതി ചെയ്ത് ഹിന്ദുമത വിശ്വാസികളായ മന്ത്രിമാർ തെരഞ്ഞെടുക്കുന്ന നിലയിലേക്കു മാറ്റിയിരുന്നു.

മന്ത്രിസഭയിലെ ന്യൂനപക്ഷം മന്ത്രിമാരിലേക്ക് ആ അവകാശം എത്തിച്ചേർന്നു. ദേവസ്വം ബോർഡിൻറെ സ്വതന്ത്ര സ്വയം ഭരണാവകാശം ഇല്ലാതാക്കുന്ന നിയമനമാണ് നിയമത്തിൽ അയോഗ്യത പറയുന്ന വ്യക്തിയെ നിയമിച്ചതിലൂടെ സംഭവിച്ചത്. ഹർജികക്ഷിക്കു വേണ്ടി അഡ്വ ബോറിസ് പോൾ, അഡ്വ സാജൻ സേവ്യർ എന്നിവർ തിരുവനന്തപുരം ജില്ലാ കോടതിയിൽ ഹാജരായി.

ദേവസ്വം ബോർഡ് പ്രസിഡൻറ് നിയമനത്തിനെതിരേ ഒരു സർക്കാർ ഉദ്യോഗസ്ഥൻതന്നെ രംഗത്തുവന്നിരിക്കുന്നുവെന്നാണ് വിചിത്രം. ഐഎഎസ് ഉദ്യോഗസ്ഥനായ ഡോ.ബി. അശോകാണ് ഹർജിക്കാരൻ. പ്രതിപക്ഷം പോലും ശ്ലാഘിച്ച ഒരു നിയമനത്തിനെതിരേയാണ് ഇപ്പോൾ സർക്കാർ ഉദ്യോഗസ്ഥൻ തന്നെ ഹർജി കൊടുത്തത്. അതേസമയം, നിയമനത്തിൽ ചട്ടലംഘനമില്ലെന്നാണ് കെ. ജയകുമാർ മാധ്യമങ്ങളോടു പറഞ്ഞത്. താൻ രണ്ടു പദവിയിൽനിന്നു വേതനം കൈപ്പറ്റുന്നില്ല. ഐഎംജി ചുമതല പകരക്കാരൻ വരുന്നതു മാത്രമേ വഹിക്കുകയുള്ളൂ. ആ പദവി ഉടൻ ഒഴിയും. ഇക്കാര്യം കോടതിയെ ബോധ്യപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു.

## ശബരിമല തീർഥാടകരുടെ കാർ നിയന്ത്രണംവിട്ട് മതിലിൽ ഇടിച്ചു; നാലുപേർക്ക് പരിക്ക്

പത്തനംതിട്ട: കൈപ്പട്ടൂരിനു സമീപം ശബരിമല തീർഥാടകർ സഞ്ചരിച്ച ഇന്നോവ കാർ നിയന്ത്രണം വിട്ട് വീടിൻറെ മതിലിൽ ഇടിച്ച് നാലുപേർക്ക് പരിക്ക്.

കൈപ്പട്ടൂർ പോലീസ് ഫിംഗർ പ്രിൻറ് ഓഫീസിനു സമീപം ഇന്നുരാവിലെയാണ് അപകടം. നിയന്ത്രണംവിട്ട കാർ കൈപ്പട്ടൂർ കാവുംകോട്ട് ജോർജിൻറെ വീടിൻറെ മതിലിലേക്ക് ഇടിച്ചു കയറുകയായിരുന്നു.

കൊല്ലം അഞ്ചാലുംമൂട് സ്വദേശികളാണ് അപകടത്തിൽപെട്ടത്. ഡ്രൈവർ ഹേമന്ത്, യാത്രക്കാരായ സുനിൽ (50), മണികണ്ഠൻ (45), അർജുൻ (14) എന്നിവർക്കാണ് പരിക്കേറ്റത്. അപകടത്തെ തുടർന്ന് ഡ്രൈവർ വാഹനത്തിൽ നിന്നു തെറിച്ചുവീണു. ഗുരുതരമായി പരിക്കേറ്റവരെ സ്ഥലത്തെത്തിയ ഫയർഫോഴ്സ് സംഘം പത്തനംതിട്ട ജനറൽ ആശുപത്രിയിലെത്തിച്ചു.

## വിവാഹവാഗ്ദാനം നല്കി പീഡനം, ഗർഭഛിദ്രം; കണ്ണൂരിൽ യുവതിയുടെ പരാതിയിൽ വ്യവസായി അറസ്റ്റിൽ

കണ്ണൂർ: വിവാഹ വാഗ്ദാനം നൽകി പീഡിപ്പിച്ച് ഗർഭിണിയാക്കുകയും ഭീഷണിപ്പെടുത്തി ഗർഭഛിദ്രം നടത്തിയ സംഭവത്തിൽ ബിസിനസുകാരൻ അറസ്റ്റിൽ. കോട്ടയം സ്വദേശിനിയുടെ പരാതിയിൽ കണ്ണൂർ കിഴുന്നയിലെ സജിത്തിനെയാണ് (52) എടക്കാട് പോലീസ് അറസ്റ്റ് ചെയ്തത്.

2015നും 2020നും ഇടയിൽ ദുബായിയിലാണ് കേസിനാസ്പദമായ സംഭവം നടന്നത്. ദുബായിയിലെ ഉന്നത ഉദ്യോഗസ്ഥയായ 35കാരിയുമായി സജിത്ത് ബന്ധം സ്ഥാപിക്കുകയും തൻറെ കമ്പനിയിൽ യുവതിയെ കൊണ്ട് 16 കോടി നിക്ഷേപിപ്പിക്കുകയും ചെയ്തു. വിവാഹം കഴിക്കാമെന്ന് വാഗ്ദാനം നൽകുകയും ചെയ്തു.

ഇതിനിടെ യുവതി ഗർഭിണിയാകുകയും ചെയ്തു. ഗർഭിണിയായ യുവതി തന്നെ വിവാഹം കഴിക്കണമെന്ന് സജിത്തിനോട് ആവശ്യപ്പെട്ടു. എന്നാൽ, ഇയാൾ ഗർഭഛിദ്രം നടത്തണമെന്ന് ആവശ്യപ്പെടുകയായിരുന്നു.

സജിത്തിൻറെ നിർദേശപ്രകാരം ഗർഭഛിദ്രം നടത്തിയെങ്കിലും വിവാഹം കഴിക്കാതെയും തൻറെ പണം നൽകാതെയും ദുബായിയിൽ നിന്ന് ഇയാൾ കടന്നുകളയുകയായിരുന്നുവെന്നാണു പരാതി. എടക്കാട് പോലീസ് അറസ്റ്റ് ചെയ്ത സജിത്തിനെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

## റെയിൽവെ ട്രാക്കിൽ ആട്ടുകല്ല്; അപകടമൊഴിവായത് തലനാരിഴയ്ക്ക്, അട്ടിമറി ശ്രമമെന്ന് സംശയം

കൊച്ചി: എറണാകുളം പച്ചാളത്ത് റെയിൽവെ ട്രാക്കിൽ ആട്ടുകല്ല് കണ്ടെത്തി. ട്രെയിൻ അട്ടിമറി ശ്രമമെന്നാണ് സംശയിക്കുന്നത്. സംഭവത്തിൽ റെയിൽവേ പോലീസും ഡോഗ് സ്ക്വാഡും സ്ഥലത്തെത്തി അന്വേഷണം ആരംഭിച്ചു.

ഇന്ന് പുലർച്ചെ നാലരയോടെ മൈസൂരു - കൊച്ചുവേളി എക്സ്പ്രസ് പോയശേഷമാണ് ട്രാക്കിന്റെ നടുക്കായി ആട്ടുകല്ല് കണ്ടെത്തിയത്. ആട്ടുകല്ലിന് അധികം വലുപ്പമില്ലാത്തിനാൽ ട്രെയിൻ അതിന് മുകളിലൂടെ കടന്നുപോവുകയായിരുന്നു. ഇതേ ട്രെയിനിൻറെ ലോക്കോ പൈലറ്റാണ് വിവരം റെയിൽവെ പോലീസിൽ അറിയിച്ചത്.

ട്രാക്കിൻറെ വശങ്ങളിലാണ് ആട്ടുകല്ല് വച്ചിരുന്നതെങ്കിൽ അത് വലിയ അപകടത്തിന് വഴിയൊരുക്കുമായിരുന്നു. ട്രാക്കിൻറെ നടുവിൽ ഇത്തരമൊരു ഭാരമേറിയ വസ്തു കൊണ്ടുവന്ന് വച്ചതിൽ ദുരൂഹതയുണ്ടെന്നാണ് പോലീസ് സംശയിക്കുന്നത്. ഇതിന് സമീപത്ത് നായ ചത്തുകിടക്കുന്നുണ്ട്. ജഡം ചിന്നിചിതറിയ നിലയിലാണ്. ട്രെയിൻ തട്ടിയാണോ നായ ചത്തതെന്നതും പരിശോധിക്കുന്നുണ്ട്. സമീപത്തെ സിസിടിവി ദൃശ്യങ്ങൾ കേന്ദ്രീകരിച്ചും പോലീസ് അന്വേഷണം ഊർജിതമാക്കി. അതേസമയം, റെയിൽവെ പരിസരത്ത് കിടന്നിരുന്ന ആട്ടുകല്ലായിരുന്നു ഇതെന്നും രാത്രിയിൽ ആരോ ട്രാക്കിലേക്ക് എടുത്തുവച്ചതാകാമെന്നുമാണ് പ്രദേശവാസികൾ പറയുന്നത്.

## ദ്വാരപാലക ശില്പങ്ങളിലെ സ്വർണം കവർന്ന കേസ്; പത്മകുമാറിൻെറ അറസ്റ്റ് രേഖപ്പെടുത്തി

തിരുവനന്തപുരം: കട്ടിളപ്പാളിയിലെ സ്വർണം കവർന്ന കേസിൽ പ്രതിയായിരുന്ന തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡൻറ് എ. പത്മകുമാറിനെ ശ്രീകോവിലിലെ ദ്വാരപാലക ശില്പങ്ങളിലെ സ്വർണം കവർന്ന കേസിലും പ്രതി ചേർത്തു.

രണ്ടാം കേസിൽ പത്മകുമാറിൻറെ അറസ്റ്റ് പ്രത്യേക അന്വേഷണ സംഘം രേഖപ്പെടുത്തി. ദ്വാരപാലക ശില്പപാളികളിലെ സ്വർണം ചെമ്പായി രേഖപ്പെടുത്തി ഉണ്ണികൃഷ്ണൻ പോറ്റിയെ സഹായിച്ചെന്നാണ് എസ്ഐടിയുടെ കണ്ടെത്തൽ. ഇതോടെ ശബരിമല സ്വർണക്കൊള്ളയിലെ രണ്ടു കേസിലും പത്മകുമാർ പ്രതിയായി. പത്മകുമാറിൻറെ റിമാൻഡ് കാലാവധി നീട്ടാനുള്ള റിപ്പോർട്ടിനൊപ്പമാണ് രണ്ടാം കേസിലും പ്രതിയാക്കിയ റിപ്പോർട്ട് എസ്ഐടി കോടതിയിൽ സമർപ്പിച്ചത്.

2019ലാണ് ദ്വാരപാലക ശില്പങ്ങളിലെ സ്വർണം പൊതിഞ്ഞ പാളികൾ പോറ്റിക്കു കൈമാറി അതിലെ സ്വർണം കവർന്നത്. ദേവസ്വം ബോർഡ് മിനിറ്റ്സിൽ ചെമ്പ് എന്നെഴുതിയത് ബോർഡ് അംഗങ്ങളുടെ അറിവോടെയാണെന്നും ബോർഡിലെ മറ്റ് രണ്ട് അംഗങ്ങളെ ഒഴിവാക്കി തന്നെ മാത്രം കുറ്റക്കാരനാക്കുകയാണെന്നും പത്മകുമാറിൻറെ ജാമ്യഹർജിയിൽ പറയുന്നു. ജാമ്യഹർജി എട്ടിനു കോടതി പരിഗണിക്കും.

## ദേശീയപാതകളിൽ പുതിയ ഇലക്ട്രോണിക് ടോൾ ഒരു വർഷത്തിനകം: ഗഡ്കരി

ന്യൂഡൽഹി: ദേശീയപാതകളിലൂടെ തടസമില്ലാത്ത യാത്ര സാധ്യമാക്കുന്ന പുതിയ ഇലക്ട്രോണിക് ടോൾ സംവിധാനം ഒരുവർഷത്തിനകം രാജ്യത്തു സാധ്യമാക്കുമെന്ന് കേന്ദ്ര ഗതാഗതമന്ത്രി നിതിൻ ഗഡ്കരി. നിലവിലുള്ള ടോൾ സംവിധാനം ഒരു വർഷത്തിനകം പൂർണമായി നിർത്തലാക്കുമെന്നും പത്തിടങ്ങളിൽ പുതിയ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടെന്നും ഗഡ്കരി ലോക്സഭയിൽ പറഞ്ഞു.

ടോൾ പിരിവിൻറെ പേരിൽ ആരും നിങ്ങളെ ഇനി തടയില്ലെന്നും മന്ത്രി വ്യക്തമാക്കി. അടുത്തിടെ പുറത്തിറക്കിയ ഔദ്യോഗിക പ്രസ്താവനയനുസരിച്ച് ദേശീയ പേമെൻറ്സ് കോർപറേഷൻ ഓഫ് ഇന്ത്യ വികസിപ്പിച്ചെടുത്ത ദേശീയ ഇലക്ട്രോണിക് ടോൾ കളക്ഷൻ (എൻഇടിസി) പ്രോഗ്രാമിലൂടെയാണ് യാത്രക്കാർക്ക് ഇലക്ട്രോണിക് പേമെൻറ് നടത്താൻ കഴിയുന്നത്.

വാഹനത്തിൻറെ വിൻഡ് സ്ക്രീനിൽ ഘടിപ്പിച്ചിരിക്കുന്ന റേഡിയോ ഫ്രീക്വൻസി ഐഡൻറിഫിക്കേഷൻ (ആർഎഫ്ഐഡി) അധിഷ്ഠിതമായ ഉപകരണത്തിലൂടെയാണ് ടോൾ പിരിവ് സാധ്യമാകുന്നത്. ടോൾ പ്ലാസയിൽ വാഹനം നിർത്താതെതന്നെ ഉപയോക്താവിൻറെ ബന്ധപ്പെട്ട അക്കൗണ്ടിൽനിന്ന് ടോൾ പേമെൻറുകൾ സ്വയമേ നടത്താൻ ഈ ഉപകരണത്തിലൂടെ കഴിയുന്നു.

## നിയമ സംവിധാനത്തിൽ ഭാഷാ വൈവിധ്യങ്ങൾ ഉൾക്കൊള്ളേണ്ടതുണ്ട്: ബി.വി. നാഗരത്ന

ന്യൂഡൽഹി: ഹിന്ദിയിൽ പ്രാവീണ്യമില്ലെന്ന് കരുതി ദക്ഷിണേന്ത്യക്കാരെ ഒറ്റപ്പെടുത്തരുതെന്ന് സുപ്രീം കോടതി ജഡ്ജി ബി.വി. നാഗരത്ന. നിയമ സംവിധാനത്തിൽ എല്ലാതരം ഭാഷാ വൈവിധ്യങ്ങളും ഉൾക്കൊള്ളേണ്ടതുണ്ടെന്നും ബി.വി. നാഗരത്ന പറഞ്ഞു. കോടതികളിലെ ഭാഷ സംബന്ധിച്ച ചോദ്യത്തിന് മറുപടി നൽകുകയായിരുന്നു സുപ്രീം കോടതി ജഡ്ജി. ഭരണഘടനയുടെ എട്ടാം ഷെഡ്യൂൾ നിരവധി ഭാഷകളെ അംഗീകരിക്കുന്നുണ്ടെന്നും ബി.വി. നാഗരത്ന വ്യക്തമാക്കി. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ കുറഞ്ഞത് ആറ് ഭാഷകളെങ്കിലും സംസാരിക്കുന്നുണ്ട്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുള്ളവരെ സംബന്ധിച്ച് ഉന്നത കോടതികളിൽ ഇംഗ്ലീഷായിരിക്കും അവരെ ആശയവിനിമയത്തിന് പര്യാപ്തരാക്കുകയെന്നും സുപ്രീം കോടതി ജഡ്ജി പറഞ്ഞു.

## സ്കൂൾ ബസിനു പിന്നിൽ തീർഥാടക വാഹനം ഇടിച്ചു; വിദ്യാർഥികൾ ഉൾപ്പെടെ 12 പേർക്ക് പരിക്ക്

കാഞ്ഞിരപ്പള്ളി: സ്കൂൾ ബസിൻറെ പിന്നിൽ ശബരിമല തീർഥാടകരുടെ മിനി ബസിടിച്ചു വിദ്യാർഥികൾ ഉൾപ്പെടെ 12 പേർക്കു പരിക്കേറ്റു. പാലാ - പൊൻകുന്നം റോഡിൽ ഒന്നാം മൈലിൽ ഇന്നു രാവിലെ 7.45നാണു അപകടം.

കാഞ്ഞിരപ്പള്ളി സെൻറ് മേരീസ് സ്കൂളിൻറെ ബസാണ് അപകടത്തിൽപെട്ടത്. സ്കൂൾ ബസിൻറെ പിന്നിലിടിച്ചശേഷം റോഡരികിലെ കടയിലേക്കു ഇടിച്ചു കയറിയാണ് മിനി ബസ് നിന്നത്. സ്കൂൾ ബസ് ഡ്രൈവർ പി.കെ. ചന്ദ്രൻ (56), ബസ് ജീവനക്കാരി പ്രിയ സലീഷ് (35), വിദ്യാർഥികളായ ആൻഡ്രിയ റിജോ (13), എ. ദേവനന്ദ (14), ലക്ഷ്മി ഭവാനി (13), ബംഗളൂരു സ്വദേശികളും ശബരിമല തീർഥാടകരുമായ ചന്ദ്രശേഖർ (46), വെങ്കിടേഷ് (45), ധൻജയ് (40), ഹരീഷ് കുമാർ (43), മഞ്ജുനാഥ് (32), സൗരവ് (17), വെങ്കിടേഷ് (38) എന്നിവർക്കാണു പരിക്കേറ്റത്. ഇവരെ കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.